2017 മെയ് 25
വാല്യം 10
ലക്കം 10

# ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# ഐ. പി. സി. കേരളാ സ്റ്റേറ്റ് കൺവൻഷൻ കോട്ടയത്ത്

## ഡിസം. 5 മുതൽ 10 വരെ

**കുമ്പനാട്:** ആറാമത് ഐ. പി. സി. സംസ്ഥാന കൺവൻഷൻ ഡിസംബർ 5 ചൊവ്വാഴ്ച മുതൽ 10 ഞായർ വരെ കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ നടക്കും. ഉപവാസ പ്രാർത്ഥന, വിളംബര ജാഥ, യുവജനസമ്മേളനം, സോദരീ സമ്മേളനം, മാധ്യമപ്രവർത്തകരുടെ സംഗമം, ശുശ്രൂഷകരുടെ സമ്മേളനം, സണ്ടേസ്കൂൾ ടീച്ചേഴ്സ് മീറ്റ്, ജാഗരണ പ്രാർത്ഥന എന്നിവ കൺവൻഷന്റെ ഭാഗമായി നടക്കും.

കോട്ടയം ഐ.പി.സി. ടാബർനാക്കിൾ സഭയിൽ നടന്ന കൂടിയാലോചന മീറ്റിംഗിൽ കൺവൻഷന്റെ നടത്തിപ്പിനായി വിവിധ കമ്മറ്റികളെ തെരഞ്ഞെടുത്തു. സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ കെ. സി.തോമസിന്റെ അദ്ധ്യക്ഷതയിൽ സ്റ്റേറ്റ്സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലി കൺവൻഷന്റെ നടത്തിപ്പിനെക്കുറിച്ച് പ്രസ്താവന നടത്തി. പാസ്റ്റർമാരായ രാജു പൂവക്കാല, സി.സി. ഏബ്രഹാം, ബ്രദർ ജോയി താനവേലിൽ എന്നിവർ വിവിധ ചർച്ചാ സെഷനുകൾക്ക് നേതൃത്വം നൽകി.

കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി പാസ്റ്റർ കെ.സി. തോമസ് (ജനറൽ കൺവീനർ), പാസ്റ്റർമാരായ കെ. ഇ. തോമസ്, സണ്ണി ജോർജ്, സഹോദരൻമാരായ ഗ്ലാഡ്സൺ ജേക്കബ്, കുര്യൻ ജോസഫ് (ജനറൽ ജോയിന്റ് കൺവീനർമാർ), പാസ്റ്റർമാരായ പി. എ. മാത്യു, തോമസ് മാത്യു ചാരുവേലി, രാജു ആനിക്കാട്, വർഗീസ്മാത്യു (ജനറൽ കോർഡിനേറ്റഴ്സ്), പാസ്റ്റർമാരായ മാത്യു ഡേവിഡ്, സുരേഷ് കീഴൂർ, സുനിൽ വേട്ടമല, ടി.സി. കോശി, എം.വി. തോമസ്(ജന.ജോയിന്റ് കോർഡിനേറ്റേഴ്സ്) എന്നിവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു.

# ഡോ. എം. സ്റ്റീഫൻ മണക്കാല സെമിനാരി പ്രിൻസിപ്പാൾ



**മണക്കാല:** ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയുടെ പ്രിൻസിപ്പാളായി പ്രമുഖ ദൈവശാസ്ത്രജ്ഞൻ ഡോ. എം. സ്റ്റീഫൻ നിയമിതനായി. ദീർഘ വർഷങ്ങളായി സെമിനാരിയിൽ അദ്ധ്യാപകനായിരുന്നു. മികച്ച ഗ്രന്ഥകാരൻ കൂടിയായ ഇദ്ദേഹംഎ.പി.സി. കോട്ടയം ഫിലാദൽഫിയ സഭാംഗമാണ്. വളരെ പ്രതികൂലമായ പല സാഹചര്യങ്ങളും അതിജീവിച്ച് സമർപ്പിത മനസ്സോടെ ഉയരത്തിലെത്തിയ ഇദ്ദേഹം വടവാതൂർ ബൈബിൾ കോളേജിലും, പൂനെ യു.ബി.എസി.ലും പഠനം നടത്തി. യു.ടി.സി. ൽ നിന്ന് എം.ടി. എച്ചും ധർമ്മാരാം യൂണിവേഴ്സിറ്റിയിൽനിന്ന് പി.എച്ച്.ഡി.യും നേടി. ഭാര്യ: സുഗന്ധ, മക്കൾ: ക്രിസ്, ബെൻ.

# അഴിമതി ആരോപണം ഐ. പി. സിയെ തകർക്കാനുള്ള പദ്ധതിമാത്രം : സജി പോൾ

**കുമ്പനാട്:** ഐ.പി.സി.യിൽ ഗുരുതര സാമ്പത്തിക അഴിമതി നടക്കുന്നു എന്നു വരുത്തിത്തീർക്കാനുള്ളചിലരുടെ ശ്രമം പ്രസ്ഥാനത്തെ തന്നെ തകർക്കുന്നതിനുവേണ്ടിയുള്ള ചിലരുടെ ഗൂഢശ്രമത്തിന്റെ ഭാഗമെന്ന് ഐ.പി.സി. ട്രഷറർ ബ്രദർ സജി പോൾ. വിവിധ ആവശ്യങ്ങൾക്കായി ഐപിസി അക്കൗണ്ടിൽ പണമെത്തുകയും അത് പ്രസ്ഥാനത്തിന്റെ പൊതു സ്വത്തായി മാറുകയും അടിയന്തര പ്രാധാന്യമുള്ള ആവശ്യങ്ങൾക്കായി അതു ചെലവഴിക്കുകയുമാണ് പതിവ്. അത് വക മാറ്റി ചെലവഴിക്കലോ അഴിമതിയോ അല്ല. ഫണ്ട് വക മാറ്റി ചെലവഴിക്കുന്നത് അഴിമതിയാണെന്ന് പറഞ്ഞ ജനറൽ സെക്രട്ടറി പാസ്റ്റർ കെ. സി.ജോണിന്റെ ഒരു പൊതു നിരീക്ഷണം തൽപരകക്ഷികൾ ദുർവ്യാഖ്യാനം ചെയ്തതാണ് ഇങ്ങനെയൊരു ആക്ഷേപത്തിനു കാരണം എന്ന് കുമ്പനാട് ഹെബ്രോനിൽ നടന്ന പത്രസമ്മേളനത്തിൽ ബ്രദർ സജിപോൾ അറിയിച്ചു. ഏതെങ്കിലും പ്രത്യേക ആവശ്യത്തിനായി നൽകിയിട്ടുള്ള തുക മറ്റാവശ്യങ്ങൾക്കായി വക മാറ്റി ചിലവഴിക്കുന്നതിനേ എഫ്.സി. ആർ.എ. നിയമമനുസരിച്ച് നിയമ തടസ്സമുള്ളു. അത്തരം കാര്യങ്ങൾ നടത്തിയിട്ടില്ല. അടുത്ത ഫണ്ട് എത്തുമ്പോൾ ഇപ്പോൾ എടുത്തിട്ടുള്ള തുക തിരിച്ച് നികത്തിപ്പോകും. എന്നാൽ ഇനിയും എത്തുന്ന ഫണ്ടു കൊണ്ട് ഇവയെല്ലാം ക്രമീകരിച്ചു പോകാൻ എത്രത്തോളം കഴിയും എന്ന കാര്യത്തിൽ ആശങ്ക നിലനിൽക്കുകയാണ്. 22,000 കനേഡിയൽ ഡോളർ കോട്ടയം തീയോളജിക്കൽ സെമിനാരി വഴി ഒരു സഹോദരൻ നൽകിയത് ജനറൽ കൺ

06

# കേരളം സാത്താന്യ ആരാധനയുടെ പിടിയിലേക്കോ?

● പാസ്റ്റർ ഷൈജു തോമസ്

– തുടർച്ച –

രണ്ട്, നിരീശ്വരവാദികൾ. ദൈവം ഇല്ലാ എന്ന് വിശ്വസിക്കുന്ന ഇവർ സാത്താനെ സങ്കൽപ്പിക്കുന്നത് മനുഷ്യഗുണങ്ങളുള്ള ഒരു അടയാളം മാത്രമായാണ്. ഈ സംഘടനയിൽ രണ്ടു തരം അംഗങ്ങൾ ആണുള്ളത്. സാധാരണ അംഗങ്ങളും ആക്ടീവ് അംഗങ്ങളും. ആക്ടീവ് അംഗങ്ങളായി എല്ലാവർക്കും ചേരാൻ സാധിക്കില്ല. പ്രവർത്തന മികവും മറ്റു സാഹചര്യങ്ങളും പരിശോധിച്ച് ബോധ്യപ്പെട്ടതിന് ശേഷം സാത്താൻ സഭ നേരിട്ടു ക്ഷണിച്ചാലേ ആക്ടീവ് മെമ്പർ ആകാൻ സാധിക്കൂ. അവിടെയും വിശ്വാസമാർജിച്ചാൽ പൂജകൾ അർപ്പിക്കുന്നതിൽ തുടങ്ങി മറ്റ് ആരാധനകളിലെല്ലാം പങ്കെടുക്കാൻ കഴിയും.വിവിധ മതവിഭാഗങ്ങളിൽനിന്ന് കടുത്ത എതിർപ്പ് ഉയർന്നിട്ടും യൂറോപ്പിലും അമേരിക്കയിലും സാത്താൻ ഗ്രൂപ്പുകാരോട് സഹിഷ്ണുത കൂടി വരുന്നതായി പഠനങ്ങളിൽ കാണുന്നു. എന്നാൽ, ഏഷ്യൻ ഭൂഖണ്ഡത്തിൽ ജനങ്ങൾ വിവേകത്തോടെ സാത്താൻ ഗ്രൂപ്പുകാരെ അകറ്റിനിർത്താൻ ശ്രമിക്കുന്നുണ്ട്.



ആഗോളവൽക്കരണവും ഇന്റർനെറ്റ് സൗകര്യങ്ങൾ വർദ്ധിച്ചതുമാണ് അമേരിക്കയിൽ രൂപംകൊണ്ട 'സാത്താൻ സഭ' ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അതിവേഗം പ്രചരിക്കാൻ കാരണമായത്. സാത്താൻ ആരാധന പ്രോത്സാഹിപ്പിക്കുന്ന സംഘടനകളുടെ ഒരു ഉപവിഭാഗമാണ് ഫ്രീമേസൺ ക്ലബ്ബുകൾ. ഏതാണ്ട് ലോകത്തിന്റെ എല്ലാ രാജ്യങ്ങളിലും ഈ ക്ലബ്ബുകൾ പ്രവർത്തിക്കുന്നു എന്നത് തിരിച്ചറിയേണ്ട യാഥാർത്ഥ്യമാണ്. ഈ ക്ലബ്ബുകളുടെ തുടക്കത്തിൽ ഇവയുടെ സാമൂഹികവും തത്വശാസ്ത്രപരവുമായ ആകർഷണവലയത്തിൽ വിവിധ തലങ്ങളിൽപ്പെട്ടവർപോലും കുടുങ്ങിയിട്ടുണ്ട്.

സാത്താൻ പൂജയുടെ രംഗപ്രവേശത്തിൽ ഏറെ അസ്വസ്ഥരായിട്ടുള്ളത് ക്രൈസ്തവ സഭയാണ്. ക്രൈസ്തവരിൽ നിന്നാണല്ലോ ഇവർ ഇതുത്ഭവിച്ചത്. ക്രൈസ്തവ അനുഷ്ഠാനങ്ങളും ചിഹ്നങ്ങളും വികൃതമായി അനുകരിച്ച് ക്രിസ്തുവിനെയും ക്രിസ്തുമതത്തെയും അവർ അവഹേളിക്കുന്നു. മറ്റൊരു മതത്തോടും ഇത്രയും അസഹിഷ്ണത പുലർത്തുകയോ നിന്ദിക്കുകയോ ചെയ്യുന്നില്ല. യേശുക്രിസ്തുവിനെ നിന്ദിക്കുക എന്നതാണ് അവരുടെ മുഖ്യ ലക്ഷ്യം. കുർബാനക്കുള്ള ഓസ്തി മോഷ്ടിച്ച് കറുത്ത കുർബാനക്ക് ഉപയോഗിക്കുന്നു. എന്നാൽ, സാത്താൻ ആരാധകർ ക്രിസ്ത്യാനികൾ മാത്രമല്ല.

ലോകത്തിന്റെ ഇതര മതങ്ങളിൽ നിന്നുള്ളവരും സാത്താനിക് ക്ലബ്ബുകളിൽ അംഗങ്ങളാകുന്നുണ്ടെന്നാണ് റിപ്പോർട്ട്.അമേരിക്കയിൽ സ്ഥാപിതമായ ചർച്ച് ഓഫ് സാത്താൻ

06

## സാക്ഷി



സൈബർ ആക്രമണം ലോകം അങ്കലാപ്പിൽ – **വാർത്ത**

*ദൈവവചന നിവർത്തി കാണുമ്പോൾ ദൈവജനം അങ്കലാപ്പിലാകേണ്ട അവരുടെ പ്രത്യാശ വർദ്ധിക്കട്ടെ.*

# ജർമ്മൻ നിയോ – നാസിപാർട്ടിയും സിറിയയിലെ ആസാദ് ഭരണകൂടവും സഖ്യത്തിൽ

● പ്രകാശ് പി. കോശി



ജർമ്മനിയിലെ പുതിയ നാസി പാർട്ടി ഡെർഡ്രിറ്റ് വെഗും സിറിയയിലെ ആസാദ് ഗവൺമെന്റും സഖ്യത്തിലേർപ്പെടുന്നു. ആസാദിന്റെ ലബനനിലെ സഖ്യകക്ഷി തീവ്രവാദ ഗ്രൂപ്പ് ഹിസ്ബുള്ളയും ഈ സഖ്യത്തിൽപ്പെടും.

തീവ്രമായ ജൂത വിരോധമാണ് വിവിധ പ്രത്യയ ശാസ്ത്രക്കാരായ ഈ കൂട്ടരെ ഒന്നിപ്പിച്ചത്. ജർമ്മൻ നാസ്സിപ്പാർട്ടിയുടെ പ്രവർത്തനം സിറിയയിലും ലബനനിലും സന്ദർശിച്ച് തീവ്രവാദ ഗ്രൂപ്പുകളുമായി ചർച്ച നടത്തി എന്ന് ജെറുശലേം പോസ്റ്റ് അവകാശപ്പെടുന്നു. ജർമ്മൻ നാസ്സി പാർട്ടി യിസ്രായേലിനെ തീവ്രവാദ രാജ്യമായിട്ടാണ് കാണുന്നത്.

2013 ലാണ് ഡെർഡ്രിറ്റ് എന്ന നിയോ – നാസി പാർട്ടി രൂപീകരിക്കപ്പെട്ടത്. ജർമ്മനിയിൽ സോഷ്യലിസത്തിലധിഷ്ഠിതമായി യിസ്രായേൽ വിരുദ്ധത മുഖമുദ്രയാക്കിയാണ് പാർട്ടി സംഘടിപ്പിക്കപ്പെട്ടത്.

ഈ പാർട്ടി പ്രവർത്തകർ സിറിയ സന്ദർശിക്കുകയും രാജ്യത്തെ ഒരു മന്ത്രിയെ കാണുകയും ചെയ്തു. ആസാദ് ഗവൺമെന്റിനെയും നാസികളേയും ഒന്നിപ്പിക്കുന്ന ഒരേ ഒരു ഘടകം യിസ്രായേലിനോടും പാശ്ചാത്യരാജ്യങ്ങളോടും ഉള്ള അന്ധമായ വിരോധം ആണ്.

ഹിസ്ബുള്ള യിസ്രായേലിനെ ആക്രമിക്കുന്നതുകൊണ്ട് നാസി പാർട്ടി ഈ തീവ്രവാദ ഗ്രൂപ്പിനെ അഭിനന്ദിക്കുന്നു. ആസാദ് ഗവൺമെന്റ് നാസികളെ സംരക്ഷിക്കുന്നു എന്ന് യിസ്രായേൽ ആരോപിക്കുന്നു. നാസി കുറ്റവാളി അലോമിത് ബ്രണ്ണറെ ആസാദ് സംരക്ഷിച്ചിരുന്നു.

ജർമ്മൻ ഗവൺമെന്റിന്റെ പഠനപ്രകാരം അവിടുത്തെ ജനസംഖ്യയുടെ 40% ത്തോളം പേർ യിസ്രായേലിനോട് ആഭിമുഖ്യമില്ലാത്തവരാണ്.

ജർമ്മനിയിലെ ഇടതുപക്ഷപാർട്ടികളിലെ ചില എം. പി.മാർ ഹമാസിനെയും ഹിസ്ബുള്ളയേയും പിൻതാങ്ങുന്നു.

ജൂതവിരോധത്തിലധിഷ്ഠിതമായി തീവ്ര ഇടതു – വലതുപക്ഷ പാർട്ടികൾ യൂറോപ്പിൽ സഖ്യത്തിലേർപ്പെടുന്ന ഒരു പ്രവണത ഇപ്പോൾ കാണുന്നുണ്ട്.

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFC: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ




# സൈബർ ആക്രമണവും ലോകത്തിന്റെ അമ്പരപ്പും



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

സാങ്കേതിക വിദ്യ അതിന്റെ പരമകോടിയിൽ എത്തിനിൽക്കുന്ന ഈ കാലത്ത് മനുഷ്യന്റെ അഹങ്കാരത്തിന് ഏറ്റ അടിയാണ് വാന്നാക്രൈ വൈറസ് ആക്രമണം എന്ന് പറയാതെ വയ്യ. ഇപ്പോഴത്തെ ആക്രമണത്തിന് പിന്നിൽ ഉത്തര കൊറിയ ആണെന്ന നിഗമനത്തിലാണ് ലോകം. ഉത്തരകൊറിയയിലെ ലാസറസ് എന്ന ഹാക്കിംഗ് ഗ്രൂപ്പാണ് ഇതിനു പിന്നിലെന്നാണ് പലരും ചിന്തിക്കുന്നത്. ഈ സൈബർ ആക്രമണം ലോകത്തെ അങ്കലാപ്പിലാക്കി എന്നതിന് സംശയം വേണ്ട. വാന്നാക്രൈ വൈറസും ഉത്തരകൊറിയ നടത്തുന്ന സൈബർ ആക്രമണ രീതികളും തമ്മിൽ സാമ്യമുണ്ടെന്നാണ് കണ്ടെത്തൽ. മാത്രമല്ല വാന്നാക്രൈ വൈറസിന്റെ ആദ്യ വേർഷൻ ഉത്തരകൊറിയയിലെ ലസാറസ് ഗ്രൂപ്പുമായി ബന്ധമുണ്ട് എന്ന് റഷ്യയിലെ കാസ്പർസ്കൈ ചൂണ്ടികാട്ടുന്നു. ഇതുതന്നെയാണ് വിവിധ വാർത്താ ഏജൻസികളും മുൻനിര മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിരിക്കുന്നത്. 2014–ൽ സോണി പിക്ചേഴ്സിനെയും 2016–ൽ ബംഗ്ലാദേശ് ബാങ്കിംഗ് നെറ്റ് വർക്ക് ആക്രമിച്ചതും ലസാറസ് ഗ്രൂപ്പായിരുന്നു.

അമേരിക്ക വികസിപ്പിച്ചെടുത്ത ചില ഹാക്കിംഗ് റ്റൂളുകൾ നേരത്തെ ചോർന്നിരുന്നു. ഇതിലെ എറ്റേണൽ ബ്ലൂ എന്ന റ്റൂൾ മോഷ്ടിച്ചാണ് സൈബർ ആക്രമണം നടക്കുന്നതെന്നാണ് റിപ്പോർട്ട്. മൈക്രോസോഫ്റ്റ് ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകളെയാണ് ആക്രമണം ബാധിച്ചിരിക്കുന്നത്. എന്നാൽ കഴിഞ്ഞ ഏപ്രിലിൽ തന്നെ വൈറസ് ആക്രമണത്തെക്കുറിച്ച് മുന്നറിയിപ്പുകൾ ഉണ്ടായിരുന്നെങ്കിലും രാജ്യങ്ങൾ ഒന്നും വലിയ പ്രാധാന്യം കൊടുക്കാതിരുന്നതും പ്രശ്നമായി.

കമ്പ്യൂട്ടർ വൈറസ് എന്ന് കേൾക്കുമ്പോൾ എന്താണെന്ന സംശയം പലർക്കുമുണ്ടാകാം. കമ്പ്യൂട്ടർ പ്രോഗ്രാമുകളും കമ്പ്യൂട്ടർ വൈറസുകളും ഒരേ കമ്പ്യൂട്ടർ ഭാഷയിലാകും തയ്യാറാക്കപ്പെടുക. ഓപ്പറേറ്റിംഗ് സിസ്റ്റം, അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ തുടങ്ങി മനുഷ്യന് പ്രയോജനം ചെയ്യുന്ന സോഫ്റ്റ് വെയറുകൾ നിരവധി. ഇത്തരം സോഫ്റ്റ് വെയറുകൾ തയ്യാറാക്കുന്നവർ തന്നെ മാറിചിന്തിക്കുമ്പോൾ അവിടെ കമ്പ്യൂട്ടർ വൈറസ് രൂപം കൊള്ളുകയായി. നശീകരണം, ധനസമ്പാദനം, തമാശ, പ്രതികാരം തുടങ്ങി പല കാരണങ്ങളാകാം ഇവയ്ക്ക് പിന്നിൽ.

എല്ലാം ഡിജിറ്റലാക്കാൻ യത്നിക്കുന്ന ലോകരാഷ്ട്രങ്ങൾക്ക് ഇത്തരം ആക്രമണം ഒരു മുന്നറിയിപ്പാണ്. അടഞ്ഞുകിടന്ന എ.റ്റി.എം.കളും ഒരു മുന്നറിയിപ്പാണ്.

ഏതെങ്കിലും വിവേകശൂന്യനായ ഭരണാധികാരിക്ക് ഇത്തരം ഹാക്കർമാരുടെ സഹായംകൂടി കിട്ടിയാൽ ഇപ്പോൾ നടക്കുന്ന സൈബർ യുദ്ധം ലോകയുദ്ധമായി മാറും. ആണവായുധങ്ങളുടെ ശേഖരവും മറ്റും നിയന്ത്രിക്കുന്ന വിദൂര നിയന്ത്രണസംവിധാനത്തിലേക്ക് കടന്നു കയറാൻ സാധിച്ചാൽ മറ്റൊന്നാകും സ്ഥിതി.

‘വന്നാക്രൈ’ എന്ന മാൽവെയറാണ് മോചനദ്രവ്യം ചോദിച്ച് ലോകത്താകെ കമ്പ്യൂട്ടറുകളെ ബന്ധിയാക്കുന്ന നിലയിൽ ആക്രമണം നടത്തുന്നത്. ജപ്പാനിൽ രണ്ടായിരത്തിലധികം കമ്പ്യൂട്ടറുകളും ചൈനയിൽ മുപ്പതിനായിരം കമ്പ്യൂട്ടറുകളും റാൻസംവെയർ ആക്രമണത്തിന് വിധേയമായി. കേരളത്തിലും പല പഞ്ചായത്തുകളിലും പാലക്കാട് റെയിൽവേ ഓഫീസുകളിലും സൈബർ ആക്രമണം ഉണ്ടായി എന്ന് റിപ്പോർട്ടുകൾ ചൂണ്ടികാട്ടി.

മനുഷ്യൻ കണ്ടുപിടുത്തങ്ങളിലൂടെ പലതിനെയും കീഴ്പ്പെടുത്തി എന്ന് അഹങ്കരിക്കുമ്പോഴും അവന്റെ കണ്ടുപിടുത്തങ്ങളുടെ മറുവശത്ത് അവന് കീഴ്പ്പെടുത്തുവാൻ കഴിയാത്ത നിലയിൽ കാര്യങ്ങൾ കൈവിട്ടുപോകുന്നു എന്ന അവസ്ഥ ഭീതിജനകമാണ്. പൂർണ്ണൻ അല്ലാത്ത മനുഷ്യന്റെ കണ്ടുപിടുത്തങ്ങളും പൂർണ്ണമാകില്ല എന്നതാണ് വസ്തുത. അതുകൊണ്ടുതന്നെ എല്ലാം തികഞ്ഞു എന്ന അവന്റെ നിഗളത്തിന്മേൽ ആഞ്ഞടിക്കുന്നതാണ് ഇത്തരം സംഭവങ്ങൾ. മനുഷ്യന്റെ കണ്ടുപിടുത്തങ്ങൾ തന്നെ അവന്റെ നാശത്തിന് കാരണമാകും എന്നതിന് സംശയം വേണ്ട. ലോകമാകെ രണ്ടുലക്ഷത്തിലധികം കമ്പ്യൂട്ടറുകളെ ബാധിച്ച വാന്നാക്രൈയെക്കാൾ പ്രഹരശേഷിയുള്ള വൈറസുകൾ പ്രചരിക്കുന്നു എന്നതാണ് പുതിയ വാർത്ത. പെട്ടെന്ന് തിരിച്ചറിയാൻ വയ്യാത്ത നിശബ്ദമായ ആക്രമണത്തിലൂടെ ഫയലുകൾ കവരുന്നതാണ് ഇതിന്റെ രീതി. ഏതായാലും ഒരു കാര്യം ഉറപ്പ് ഒരു വശത്ത് മനുഷ്യൻ പുരോഗതിയിലേക്ക് കുതിക്കുമ്പോൾ മറുവശത്ത് അവന്റെ നാശത്തിനായുള്ളത് ഒരുക്കപ്പെടുകയും ചെയ്യുന്നു. ബാബേൽ ഗോപുരം പണിതുയർത്തി ദൈവസൃഷ്ടിപ്പിനെ ചോദ്യം ചെയ്ത മനുഷ്യനെ ചിതറിച്ച ദൈവപ്രവൃത്തി നാം മറന്നുപോകുന്നു. നക്ഷത്രങ്ങളുടെ ഇടയിൽ കൂടുകൂട്ടിയാലും അവിടെ നിന്നും താഴെ ഇറക്കുന്നവനാണ് ദൈവം. ദൈവപ്രവൃത്തി മാത്രമേ നിലനിൽക്കുകയുള്ളൂ. അതാണ് ശാശ്വതം.

# വചനം നൽകുന്ന ബലം



ബിനു ജോസഫ്
വടശ്ശേരിക്കര




ദൈവവചനം ആണ് ഒരു വിശ്വാസിയുടെ ജീവാധാരം. വചനം വായിക്കുവാനും അത് പ്രാവർത്തികമാക്കുവാനും ശ്രദ്ധിച്ചാൽ ആത്മീകജീവിതം വളരും. വചനം നൽകുന്ന ബലത്തിൽ ആശ്രയിക്കുന്നവനാണ് യഥാർത്ഥ ഭക്തൻ. യുവജനങ്ങൾ വചനത്തിലും കർത്താവിലും കൂടുതൽ ആശ്രയിക്കണം. എല്ലാ ദിവസവും വചനം വായിച്ച് പ്രാർത്ഥിക്കുന്നത് ജീവിതത്തിന്റെ ഭാഗമാക്കണം.

**“God's word is our foundation”**

വചനമാണ് നമ്മുടെ അടിസ്ഥാനം. വചനത്തിൽ വേരില്ലെങ്കിൽ പാറമേൽ വീണ വിത്ത് പോലെ ചെറിയ പ്രതിസന്ധികളിൽ നാം തളർന്നു പോകും. പൗലോസ് അപ്പോസ്തലൻ പറയുന്നു. “വചനത്തിൽ അടിസ്ഥാനപ്പെടണം’. അടിസ്ഥാനം ഉറപ്പുള്ളതാണെങ്കിൽ നമ്മെ തളർത്തുവാൻ ആർക്കും കഴിയുകയില്ല.

വചനം വെറുതെ വായിക്കുകയല്ല വേണ്ടത് വചനത്തിന്റെ ഉൾകാഴ്ചകൾ ഹൃദയത്തിൽ ആഴ്ന്നിറങ്ങണം. വചനം വായിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ പഠിക്കുകയും മനസ്സിലാക്കുകയും വേണം.

1. Observation (വിശകലനം)

വചനത്തെ വിശകലനം ചെയ്യണം. ആർ ആർക്കുവേണ്ടി എഴുതി എന്നത് പഠിക്കണം. വചനത്തിലെ പ്രധാന ചിന്തകൾ ഹൃദിസ്തമാക്കണം.

2. Interpretation (അർത്ഥം ഗ്രഹിക്കുക)

വായിച്ച വചനത്തെ പരിഭാഷപ്പെടുത്തണം. വചനത്തിൽ കൂടി എഴുത്തുകാരൻ എന്താണ് ഉദ്ദേശിക്കുന്നത് എന്നും ഇന്നത്തെ നമുക്കുള്ള പാഠം എന്താണെന്നും തിരിച്ചറിയുക. ഉദാഹരണത്തിന് ‘പാറമേൽ വീണ വിത്ത്’ വചനം കേട്ട് പെട്ടെന്ന് ഉണങ്ങി വാടിപ്പോകുന്ന വിശ്വാസിയോട് താരതമ്യപ്പെടുത്തുന്നു. ഇതുപോലെ ഓരോ വചനത്തിന്റെയും അർത്ഥം ഗ്രഹിക്കണം.

3. Application (പ്രായോഗിക പാഠം)

സ്വന്തം ജീവിതത്തിൽ പ്രായോഗികമാക്കാനുള്ള പാഠം എന്താണെന്ന് മനസ്സിലാക്കുക. തുടർന്ന് അത് പ്രായോഗികമാക്കുക. എല്ലാ വചനത്തിൽ നിന്നും സ്വന്ത ജീവിതത്തിലേക്കുള്ള പാഠങ്ങൾ മനസ്സിലാക്കി എഴുതി വയ്ക്കുക.

“ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു” എന്ന് വായിക്കുമ്പോൾ സ്വയം പറയണം, “ദൈവം എന്റെ സങ്കേതമാണ്”

**“God's word is our light”**

ദൈവവചനമാണ് നമുക്ക് പ്രകാശം നൽകുന്നത്. ഒരു ഭക്തന്റെ ചുവടുകളിൽ വെളിച്ചം പകരുന്നത് വചനമാണ്. “നിന്റെ വചനം എന്റെ കാലിന് ദീപവും പാതയ്ക്ക് പ്രകാശവും ആകുന്നു” (സങ്കീർത്തനം 119:105). ജീവിതത്തിന്റെ നാൽക്കവലകളിൽ ദിശ തെറ്റി അലയുന്ന ഒരു ഭക്തന് വഴി തെളിക്കുന്നത് ദൈവവചനമാണ്. വചനം ദിശ തെറ്റിയലയുന്ന ഭക്തന്റെ പ്രകാശ ഗോപുരമാണ്. മുമ്പോട്ടുള്ള വഴി കണ്ടെത്തേണ്ടത് വചനത്തിന്റെ വെളിച്ചത്തിലാണ്.

**“God's word is alive and active”**

ദൈവവചനം ജീവനുള്ളതും ചലനാത്മകവുമാണ്. പ്രകാശത്തെക്കാൾ വേഗത്തിൽ സംസാരിക്കാൻ കഴിയുന്നത് ദൈവവചനത്തിന് മാത്രമാണ്. ‘അവർ വചനം അയച്ച് നമ്മെ സൗഖ്യമാക്കുന്നു’. വചനത്തിന്റെ ശക്തി ദൈവത്തോളമാണ്. വചനത്തിന് ജീവൻ നൽകാൻ കഴിയും. വചനമാണ് മരിച്ചവരെ ഉയിർപ്പിക്കുന്നതും ലാസറിന് ജീവൻ നൽകിയതും. നമ്മുടെ ജീവിതത്തെ മുമ്പോട്ടു നയിക്കുവാനും ഉണർത്തുവാനും വചനം മതിയാകും.

**“God's word is unfailing”**

ദൈവവചനം പരാജയപ്പെടുകയില്ല. ദൈവവചനം ഉവ്വ്, ഉവ്വ് എന്നും ഇല്ല ഇല്ല എന്നുമാണ്. ‘ദൈവവചനം ഉള്ളിലുള്ളവരെ പരാജയപ്പെടുത്താൻ ആർക്കും കഴിയുകയില്ല. വചനം ജീവൻ നൽകുന്നതും ജയം പകരുന്നതുമാണ്. പരാജയചിന്തകളെ ദൈവവചനം കൊണ്ട് നേരിടണം. വചനത്തിൽ വിശ്വസിക്കുന്നവൻ ഒരിക്കലും ലജ്ജിച്ചു പോകയില്ല. “ദൈവത്തിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നവൻ രക്ഷിക്കപ്പെടും”.

വചനം എനിക്ക് ജയം നൽകും എന്ന് പൂർണ്ണമായി വിശ്വസിക്കണം. അതുകൊണ്ട് വചനം ജീവിതത്തിൽ അനുഭവവേദ്യമാകാം.

**“God's word gives us wisdom”**

ഒരു വ്യക്തിക്ക് വേണ്ട ജ്ഞാനം നൽകുന്നത് വചനമാണ്. ‘യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭം” എന്ന് വചനം പറയുന്നു. വചനം അല്പബുദ്ധിയെ ജ്ഞാനിയാക്കാനും വചനം വായിക്കുന്നതും അനുസരിക്കുന്നതും നമുക്ക് ബുദ്ധി പകരും. ലോകത്തിന്റെ അറിവ് നമ്മെ വിജയത്തിലെത്തിക്കുകയില്ല. നമുക്ക് വേണ്ടത് ദൈവിക ജ്ഞാനമാണ്.

**“God's word is powerful”**

“പാറയെ തകർക്കാൻ കഴിയുന്ന ചുറ്റികയാണ് വചനം”. വചനം എന്ന വാൾ (sword) കൈയ്യിലുള്ളവർക്ക് ഏതു പ്രതിസന്ധിയെയും പരാജയപ്പെടുത്താൻ കഴിയും. യേശുവിന് മരണത്തിൽ നിന്ന് പുനരുത്ഥാനം നൽകിയത് വചനമാണ്. നിത്യമരണത്തിൽ നിന്ന് നിത്യജീവനിലേക്ക് നമ്മെ നയിക്കുന്നതും വചനമാണ്.

ലോകത്തിൽ ഏറ്റവും ശക്തമായത് ദൈവത്തിന്റെ വചനമാണെന്നത് ഓർക്കുക.

ദൈവവചത്തിന്റെ ശക്തി നമുക്ക് അനുഭവിച്ചറിയാം. അത് നമുക്ക് ജീവനും വിജയവും നൽകട്ടെ.

## അനുസ്മരണം

■ ജയ്മോഹൻ അതിരുങ്കൽ

# മുണ്ടക്കയം കുട്ടപ്പൻ എന്ന പാസ്റ്റർ കെ.ജെ. ഏബ്രഹാം

പള്ളിയിലെ കൈക്കാരനായ ഉതുപ്പായിരുന്നു കുട്ടപ്പന്റെ പിതാവ്. രക്ഷിക്കപ്പെട്ട് സ്നാനമേറ്റ കുട്ടപ്പൻ, പള്ളിയിൽപ്പോകാതായി: ''പള്ളിയിൽ പോകാത്തവനെ വീട്ടിലും വേണ്ടാ''യെന്നു പറഞ്ഞ ഉതുപ്പ് കുട്ടപ്പനെ വീട്ടിൽ നിന്ന് ഇറക്കിവിട്ടു. മുണ്ടക്കയത്തുനിന്ന് കാൽനടയായി റാന്നി വഴി കുട്ടപ്പൻ കുമ്പനാട്ടെത്തിച്ചേർന്നു. ഹെബ്രോനിൽ അന്നുണ്ടായിരുന്ന വചനപഠിതാക്കൾ, കുട്ടപ്പനെക്കണ്ടിട്ട് ഭിക്ഷക്കാരനാണെന്നാണു കരുതിയത്. എന്നാൽ 'സാറപ്പച്ചൻ' സ്ഥലത്തെത്തിയപ്പോൾ സ്ഥിതിമാറി. അദ്ദേഹം 'ഹെബ്രോനിലെ അമ്മച്ചി'യെ വിളിച്ചു. മിസിസ് കെ.ഇ. ഏബ്രഹാം വിളികേട്ടയുടനെ വന്നു. ഉണ്ണൂണ്ണിസാർ ഭാര്യയോടു ചോദിച്ചു: ''നിനക്കെത്ര മക്കളാ? മറുപടി: ''രണ്ട്''. സാർ: ''ദേ നിൽക്കുന്നു മൂന്നാമത്തെ മകൻ; വിളിച്ചുകൊണ്ടുപോ''. ആ അമ്മച്ചി, വാത്സല്യത്തോടെ കുട്ടപ്പനെ വിളിച്ചുകൊണ്ടുപോയി; കുളിക്കാനുള്ള സോപ്പ്, തോർത്ത് എല്ലാം കൊടുത്തു. കുളി കഴിഞ്ഞു വന്ന കുട്ടപ്പന് ആഹാരം വിളമ്പിക്കൊടുത്തുകൊണ്ട് ഹെബ്രോനിലെ അമ്മച്ചി പറഞ്ഞു: ''അവൻ എല്ലാം നന്നായിച്ചെയ്തു''. ''ആരാ, അമ്മച്ചി'' എന്നു കുട്ടപ്പൻ ചോദിച്ചതിന് ''കർത്താവ്, കർത്താവ് എല്ലാം നന്നായിട്ടാ ചെയ്തത്''.



തൊണ്ണൂറ്റിമൂന്ന് വയസ്സുണ്ടായിരുന്നു അദ്ദേഹത്തിന്, മരിക്കുമ്പോൾ. അൻപതു വർഷം തമിഴ്നാട്ടിൽ സുവിശേഷവേല ചെയ്തു. അതിനു മുമ്പുള്ള കാലയളവ് കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ പ്രവർത്തിച്ചു. വീട്ടിൽനിന്നു പുറത്താക്കപ്പെട്ട കുട്ടപ്പന് അഭയം നൽകിയതും, അദ്ദേഹത്തെ വചനം പഠിപ്പിച്ചതും പാസ്റ്റർ കെ. ഇ. ഏബ്രഹാമായിരുന്നു. മുണ്ടക്കയത്തെ കൊല്ലംപറമ്പിൽ എന്ന കുടുംബത്തിലായിരുന്നു കുട്ടപ്പന്റെ ജനനം. യാഥാസ്ഥിതിക, ഓർത്തഡോക്സ് പള്ളിക്കാരായിരുന്നു കുടുംബക്കാർ; പള്ളിയിലെ കൈക്കാരനായ ഉതുപ്പായിരുന്നു കുട്ടപ്പന്റെ പിതാവ്. രക്ഷിക്കപ്പെട്ട് സ്നാനമേറ്റ കുട്ടപ്പൻ, പള്ളിയിൽപ്പോകാതായി: "പള്ളിയിൽ പോകാത്തവനെ വീട്ടിലും വേണ്ടാ"യെന്നു പറഞ്ഞ ഉതുപ്പ് കുട്ടപ്പനെ വീട്ടിൽ നിന്ന് ഇറക്കിവിട്ടു. മുണ്ടക്കയത്തുനിന്ന് കാൽനടയായി റാന്നി വഴി കുട്ടപ്പൻ കുമ്പനാട്ടെത്തിച്ചേർന്നു. ഹെബ്രോനിൽ അന്നുണ്ടായിരുന്ന വചനപഠിതാക്കൾ, കുട്ടപ്പനെക്കണ്ടിട്ട് ഭിക്ഷക്കാരനാണെന്നാണു കരുതിയത്. എന്നാൽ 'സാറപ്പച്ചൻ' സ്ഥലത്തെത്തിയപ്പോൾ സ്ഥിതിമാറി. അദ്ദേഹം 'ഹെബ്രോനിലെ അമ്മച്ചി'യെ വിളിച്ചു. മിസിസ് കെ.ഇ. ഏബ്രഹാം വിളികേട്ടയുടനെ വന്നു. ഉണ്ണൂണ്ണിസാർ ഭാര്യയോടു ചോദിച്ചു: "നിനക്കെത്ര മക്കളാ? മറുപടി: "രണ്ട്". സാർ: "ദേ നിൽക്കുന്നു മൂന്നാമത്തെ മകൻ; വിളിച്ചുകൊണ്ടുപോ". ആ അമ്മച്ചി, വാത്സല്യത്തോടെ കുട്ടപ്പനെ വിളിച്ചുകൊണ്ടുപോയി; കുളിക്കാനുള്ള സോപ്പ്, തോർത്ത് എല്ലാം കൊടുത്തു. കുളി കഴിഞ്ഞു വന്ന കുട്ടപ്പന് ആഹാരം വിളമ്പിക്കൊടുത്തുകൊണ്ട് ഹെബ്രോനിലെ അമ്മച്ചി പറഞ്ഞു: "അവൻ എല്ലാം നന്നായിച്ചെയ്തു". "ആരാ, അമ്മച്ചി" എന്നു കുട്ടപ്പൻ ചോദിച്ചതിന് "കർത്താവ്, കർത്താവ് എല്ലാം നന്നായിട്ടാ ചെയ്തത്".

അങ്ങനെ ഹെബ്രോനിലെ പഠിതാവായല്ല, അന്തേവാസിയായിക്കഴിഞ്ഞ കുട്ടപ്പന് ദൈവവചനത്തിന്റെ ബാലപാഠങ്ങളും പിന്നീട് ഗൗരവമുള്ള വിഷയങ്ങളും പഠിക്കാൻ കഴിഞ്ഞു. "പത്തനാപുരത്തെ അപ്പച്ചൻ" എന്നു കുട്ടപ്പൻ സ്നേഹത്തോടെ വിളിച്ചിരുന്ന പാസ്റ്റർ റ്റി. ജി.ഉമ്മനായിരുന്നു കുട്ടപ്പന്റെ അദ്ധ്യാപകരിൽ പ്രമുഖൻ.

പഠനകാലയളവു തികച്ച കുട്ടപ്പനു പോകാനൊരു സ്ഥലമില്ലായിരുന്നു! മറ്റുള്ള വിദ്യാർത്ഥികളെല്ലാം അവരവരുടെ വീടുകളിലേക്കു മടങ്ങിപ്പോയിരുന്നു. കെ.ഇ.ഏബ്രഹാം സാർ കുട്ടപ്പനെ വിളിച്ചു: "കുട്ടപ്പാ, നീയൊരു കല്യാണം കഴിക്കണം". കുട്ടപ്പൻ: "വേണ്ടാ സാറേ., ഞാനൊരു പുണ്യവാളനായി, സുവിശേഷവേല ചെയ്തു കഴിഞ്ഞോളാം". സാർ അതു സമ്മതിച്ചില്ല. സാർ തന്നെ ആലോചിച്ച് വിവാഹം നടന്നു. 'പുത്തൻകുരിശു ചാക്കോച്ചൻ' എന്നറിയപ്പെട്ടിരുന്ന ദൈവദാസന്റെ മകൾ ചിന്നമ്മയായിരുന്നു വധു. അവരൊരുമിച്ച് മുണ്ടക്കയം, വാഴൂർ, പിറവം, തിരുവനന്തപുരം എന്നിവിടങ്ങളിൽ ശുശ്രൂഷിച്ചു. ചർച്ച് ഓഫ് ഗോഡിലെ ഒരു ശുശ്രൂഷകനായ കുട്ടപ്പന് അനുഗ്രഹീതമായി സഭാശുശ്രൂഷ ചെയ്യാൻ കഴിഞ്ഞു. നിരവധി അത്ഭുതങ്ങൾ അദ്ദേഹത്തിന്റെ ശുശ്രൂഷയിൽ നടന്നു.

ദൈവികദർശനപ്രകാരം തമിഴ്നാട്ടിലേക്കു പോയ അദ്ദേഹം, തൂത്തുക്കൂടി ജില്ലയിലെ ശ്രീവൈകുണ്ഠം എന്ന സ്ഥലം കേന്ദ്രമാക്കി സുവിശേഷവേല ചെയ്തു. പട്ടിണിയും രോഗവും നിന്ദയുമെല്ലാം സഹിച്ച് ഈ ദൈവദാസനും കുടുംബവും പ്രവർത്തിച്ചതിന്റെ ഫലമായി ധാരാളം സഭകളുണ്ടായി. ഇൻഡ്യയിലെ വലിയ സഭകളിലൊന്നായ 'ന്യൂലൈഫ് ചർച്ച്'(ചെന്നൈ) ശുശ്രൂഷകൻ പാസ്റ്റർ ഡി.മോഹൻ ദൈവവചനം പഠിച്ചത് കുട്ടപ്പന്റെ താമസസ്ഥലത്തു വന്നായിരുന്നു. പാസ്റ്റർ മോഹൻ ഇന്നും "പാസ്റ്റർ കെ. ജെ. ഏബ്രഹാമിനെ ആദരപൂർവ്വം സ്മരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ജീവചരിത്രത്തിന് ഒരു ആശംസയും പാസ്റ്റർ ഡി. മോഹൻ എഴുതുകയുണ്ടായി.

2017 ഏപ്രിൽ മാസത്തിൽ പാസ്റ്റർ കെ.ജെ.ഏബ്രഹാം എന്ന മുണ്ടക്കയം കുട്ടപ്പൻ കർത്താവിന്റെയടുക്കലേക്കു പോയി. അദ്ദേഹത്തിന്റെ വിയോഗവാർത്തയറിഞ്ഞ് നിരവധിയാളുകൾ ശവസംസ്ക്കാരത്തിൽ സംബന്ധിക്കാൻ വന്നിരുന്നു. രാവിലെ ഒൻപതരയ്ക്കു തുടങ്ങിയ "അടക്ക ആരാതനൈ" നാലു മണിയോടെ സമാപിച്ചു. ഒട്ടും മുഷിച്ചിലില്ലാതെ പങ്കെടുക്കാൻ കഴിഞ്ഞ ഒരു ശവസംസ്ക്കാരമായിരുന്നു അത്. മുഖസ്തുതിയോ, ഇല്ലാവചനങ്ങളോ ഇല്ലാതെ, ഉള്ള കാര്യങ്ങൾ മാത്രം അയവിറക്കിയ അനുസ്മരണങ്ങൾ ആ സമ്മേളനത്തെ സജീവമായി നിലനിർത്തി.

മുണ്ടക്കയം കുട്ടപ്പൻ എന്ന പാസ്റ്റർ കെ. ജെ. ഏബ്രഹാം ചർച്ച് ഓഫ് ഗോഡിൽ "ഒരു പ്രഭുവും മഹാനുമായിരുന്നു". അദ്ദേഹത്തിന്റെ മക്കളായ യൂസഫ് ഏബ്രഹാം അമേരിക്കയിലും ലില്ലീ ജോൺസൺ പുത്തൻകുരിശിലും കുടുംബമായിക്കഴിയുന്നു. സഹധർമ്മിണി ചിന്നമ്മാ ഏബ്രഹാം, തമിഴ് നാട്ടിൽത്തന്നെ ഇപ്പോൾ തുടരുകയാണ്. പാസ്റ്റർ കെ. ജെ.ഏബ്രഹാമിന്റെ ജീവിതത്തിലെ ചില ഏടുകൾ അടുത്ത ലക്കത്തിൽ പ്രതീക്ഷിക്കാവുന്നതാണ്.

---

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

സഭയുടെ നടത്തിപ്പിനു വേണ്ടി ആക്കി വച്ചിരിക്കുന്ന ദൈവദാസന്മാരെ പല പേരുകളിലാണ് അറിയപ്പെടുന്നത്. അവയിൽ ചില താണ്–

1. പ്രസംഗി – ഇതിനു ഗ്രീക്കിൽ കെറുക്സ് എന്നും 1തിമൊ:2:7, ഇത് ഒരു സ്ഥലം സഭയുടെ ശുശ്രൂഷയിൽ ആയിരിക്കുന്ന ഒരു വ്യക്തിയുടെ ചുമതലയിലാണ് സഭയ്ക്ക് അകത്തു നിവർത്തിക്കപ്പെടേണ്ടതാകുന്നു പ്രസംഗിയുടെ ശുശ്രൂഷ. അപ്പോ.പ്രവ:8:25, 2തിമൊ:4:2.

2. ഇടയൻ – ഗ്രീക്കിൽ പൊയ്മൻ എന്നും വിളിക്കുന്നു. നടത്തുന്നവൻ, കരുതുന്നവൻ, പരിപാലിക്കുന്നവൻ, സംരക്ഷിക്കുന്നവൻ എന്നീ ഉത്തരവാദിത്വങ്ങളാണ് ഇടയന്റേത്, യേശുക്രിസ്തു ആടുകളുടെ വലിയ ഇടയനാകുന്നു, എബ്രാ: 13:20. ഇടയൻ എന്നത് ഇംഗ്ലീഷിൽ പാസ്റ്റർ എന്നു വിളിക്കുന്നു. അ. പ്രവ:20:28.

3. ഉപദേശി(ഡിടാസ്കലോസ്)– സഭയിൽ പഠിപ്പിക്കുന്നയാൾ എന്നതാണ് ഇതിന്റെ അർത്ഥം. ബൈബിളിൽ ഉപദേഷ്ടാവു എന്നും പറയുന്നു. ഇതൊരു വരമാണ്, റോമ:12:7, 1കൊരി:12:28, എഫെ:4:11. മഹാനിയോഗം നൽകുമ്പോൾ കർത്താവ് പറഞ്ഞു, ഞാൻ നിങ്ങളോട് കല്പിച്ചത് ഒക്കെയും പ്രമാണിപ്പാന്തക്കവണ്ണം ഉപദേശിച്ചും കൊണ്ട്... മത്തായി 28:20. ഇതൊരു ഉത്തരവാദിത്വമാണ് 1കൊരി:4:17, 1തിമൊ:4:11.

4. അദ്ധ്യക്ഷൻ (ഓവർസിയർ/ബിഷോപ്പ്)– സഭാ പ്രവർത്തനങ്ങളെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നയാൾ. ഒരു സ്ഥലം സഭയോട് ബന്ധപ്പെട്ട് മാത്രമേ ഈ പദം ഉപയോഗിച്ചിട്ടുള്ളു. കുറെ ഇടയന്മാരുടെമേൽ കർത്തൃത്വം നടത്തുന്ന വ്യക്തിയാണ് ബിഷപ്പ് അഥവാ ഓവർസിയർ എന്നുള്ള പഠിപ്പിക്കൽ വചന വിരുദ്ധമാണ്. ആത്മാക്കളുടെ ഇടയനും അദ്ധ്യക്ഷനും യേശുക്രിസ്തുവാകുന്നു. 1പത്രോസ്2:25.

5. മൂപ്പന്മാർ(പ്രിസ്ബ്യുറ്ററോസ്) – സ്ഥലം സഭയിൽ നേതൃത്വസ്ഥാനം വഹിക്കുന്നയാൾ, അ.പ്രവ: 20:17. പാസ്റ്റർ ശുശ്രൂഷ ചെയ്യുവാനുള്ള ആത്മീക പക്വതയും പ്രായവും ഇതിൽ ഉൾപ്പെട്ടതാണ്. സ്ഥലം സഭയ്ക്ക് പാസ്റ്റർമാർ അഥവാ മൂപ്പന്മാർ ഉണ്ടായിരിക്കണം.

പൗലോസ് ഇടയലേഖനങ്ങളിൽ മൂപ്പന്മാർ എന്നു പറഞ്ഞിരിക്കുമ്പോൾ ചില വേദപഠിതാക്കൾ പറയുന്നത് രണ്ടർത്ഥത്തിൽ പൗലോസ് ഉപയോഗിച്ചിരിക്കുന്നുയെന്നുള്ളതാണ്. ഒന്ന് മുതിർന്നവൻ എന്ന ആശയത്തിൽ അതായത് പ്രായത്തിൽ പക്വത പ്രാപിച്ചവൻ എന്നും രണ്ടാമത് ഉന്നതൻ സ്ഥാനത്തിൽ അല്ലായെങ്കിൽ മതപരമായി ഉന്നതസ്ഥാനം വഹിക്കുന്നു എന്നും വ്യാഖ്യാനിക്കുന്നു. സഭാശുശ്രൂഷകന്മാർ എന്ന നിലയ്ക്കു സഭയുടെ ഭരണവും നടത്തിപ്പും സംബന്ധിച്ച ഉത്തരവാദിത്വമുള്ളവരായിരുന്നു മൂപ്പന്മാർ, അവരുടെ ശുശ്രൂഷകൾ.

a. ശരിയായ ഉപദേശം പഠിപ്പിക്കണം – ഉപദേശം ദൈവീകവും വചനാധിഷ്ഠിതവുമായിരിക്കണം.

b. പ്രസംഗം പ്രായോഗികമായിരിക്കണം – സ്വന്ത ജീവിതത്തിൽ പ്രായോഗികമാക്കുന്ന പ്രസംഗമായിരിക്കണം പ്രസംഗിക്കേണ്ടത്. പേരും പ്രശസ്തിയും ആഗ്രഹിക്കാതെ ഒരു ദാസനായിരിപ്പാനും മറ്റുള്ളവർക്കുവേണ്ടി ശുശ്രൂഷ ചെയ്യുവാൻ താല്പര്യമുള്ള വ്യക്തിയുമായിരിക്കണം.

c. ലക്ഷ്യം എല്ലായ്പ്പോഴും ദൈവനാമ മഹത്വമായിരിക്കണം – യോഹന്നാൻ സ്നാപകൻ പറഞ്ഞതുപോലെ ഞാനോ കുറയണം അവനോ വളരണം എന്നതായിരിക്കണം ശുശ്രൂഷയുടെ ലക്ഷ്യം.

d. കഷ്ടത സഹിപ്പാൻ മനസ്സുള്ളവരായിരിക്കണം – മറ്റുള്ളവർക്കുവേണ്ടി കഷ്ടം സഹിപ്പാൻ ശുശ്രൂഷകന്മാർ ഒരുക്കമുള്ളവരായിരിക്കണം.

e. കൃപാവരം ജ്വലിപ്പിക്കണം – ദൈവം നൽകിയിട്ടുള്ള കൃപകളും കൃപാവരങ്ങളും മൂടിവയ്ക്കാതെ ഓരോ ദിവസവും ദൈവനാമ മഹത്വത്തിനായും ദൈവസഭയുടെ കെട്ടുപണിയ്ക്കായും ഉപയോഗിക്കണം.

മൂപ്പന്മാർ അഥവാ ദൈവസഭയുടെ ശുശ്രൂഷകന്മാർക്കു ചില പ്രത്യേക ഗുണങ്ങളും നന്മകളും ഉണ്ടായിരിക്കണം. ശുശ്രൂഷ എന്നത് ലളിതമായതോ ലഘുവായതോ ആയ ഒരു ശുശ്രൂഷയല്ല മറിച്ച് വളരെ ഭക്തിയോടും ആദരവോടും ഭയത്തോടും ചെയ്യേണ്ടതായ ഒരു ശുശ്രൂഷയാണ്. ഇങ്ങനെ ചെയ്യുന്നവർക്കു ഇരട്ടി മാനം ലഭിക്കും. ഒരിക്കൽ ഈ ലേഖകൻ ഒരു കൂട്ടം ദൈവമക്കളുമായി ഒരു ദൂരയാത്രയ്ക്കുപോയി. അപ്പോൾ വന്നവരിൽ ഒരാളോട് ഈ ലേഖകൻ ചോദിച്ചു. സഭയിലെ ശുശ്രൂഷകനു വല്ലതും കൊടുക്കുവാൻ വാങ്ങുന്നില്ലയോ എന്നു ചോദിച്ചപ്പോൾ ആ പ്രിയപ്പെട്ടവൻ ഉത്തരം പറഞ്ഞത് ഞങ്ങൾ ഇരട്ടിമാനം കൊടുക്കും എന്നാണ്.

അഞ്ചാം അദ്ധ്യായം പതിനേഴു മുതൽ ഇരുപത്തിയഞ്ചുവരെയുള്ള വാക്യങ്ങളിൽ സഭയിലെ അദ്ധ്യക്ഷന്റെ അഥവാ മൂപ്പന്റെ ചുമതലയിൽപ്പെട്ട കാര്യങ്ങളാണ് –

1. സഭയെ പരിപാലിക്കുക അഥവാ ഭരിക്കുക

സഭയിൽ ഭരണം അഥവാ പരിപാലനം ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. മാത്രമല്ല അത് ഒരു കൃപാവരവും കൂടിയാണ് 1കൊരി:12:28. സഭയിൽ ഏകാധിപത്യമോ മൃഗാധിപത്യമോ, ജനാധിപത്യമോ അല്ല മറിച്ച് അത് ദൈവാധിപത്യമാണ്. സഭ ഭരിക്കേണ്ടത് ദൈവത്താലും പരിശുദ്ധാത്മാവിനാലും നിയമിക്കപ്പെട്ടവരും നിയോഗിക്കപ്പെട്ടവരുമായ അദ്ധ്യക്ഷന്മാരാൽ നടത്തപ്പെടണം, 1പത്രോ:5:3. ഇവൻ ഭരിക്കേണ്ടത് വചനത്താലും ഉപദേശത്താലും അദ്ധ്വാനിക്കുന്നവരായിരിക്കേണം. വചനം എന്നാൽ എന്ത്? വചനം എന്നതിനു ഗ്രീക്കിൽ ലോഗോസ്(Logos) എന്നു പറയുന്നു. ഗ്രീക്കുകാരുടെ കാഴ്ചപ്പാടിൽ വചനം എന്നത് ജീവിക്കുന്ന വചനം (Living word) അത് ക്രിസ്തുവാകുന്നു, എഴുതപ്പെട്ട വചനം(Written Word) അത് തിരുവചനം(ബൈബിൾ), പ്രഖ്യാപിക്കേണ്ടപ്പെടേണ്ട വചനം അത് സുവിശേഷമാണ്. ഇവിടെ മൂപ്പൻ വചനത്തിലും, വചനത്തിന് ബൈബിൾ വളരെയധികം പ്രാധാന്യം നൽകുന്നുണ്ട്. എബ്രായലേഖകൻ പറയുന്നത്, ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏത് വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും.... എബ്രാ: 4:12 ഈ വചനത്തിന്റെ പ്രത്യേകതകൾ.

1. സൗഖ്യമാക്കുന്ന വചനം, സങ്കീ:107:20

2. ഉറപ്പിക്കുന്ന വചനം, സങ്കീ: 119:28

3. ബുദ്ധി നൽക്കുന്ന വചനം, സങ്കീ:119:169

4. ശുദ്ധികരിക്കുന്ന വചനം, യോഹ:17:17

5. രക്ഷിപ്പാൻ കഴിയുന്ന വചനം, 1കൊരി: 1:18,24,30

6. സാത്താന്റെ മേൽ ജയം നൽകുന്നു, എഫെ:6:10 – 18, മത്താ: 4:18

(തുടരും....)

## വേദപഠനം

തിമൊഥെയൊസ്



-തുടർച്ച-

# HBC & IBC പൂർവ്വവിദ്യാർത്ഥി കൂട്ടായ്മ വിദ്യാഭ്യാസ സഹായ വിതരണം നടത്തി

ഹെബ്രോൻ ബൈബിൾ കോളജ് & ഇൻഡ്യാ ബൈബിൾ കോളജ് പൂർവ്വവിദ്യാർത്ഥി കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 17, 18 എന്നീ ദിവസങ്ങളിലും മെയ് 9-ാം തീയതിയും ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാഭ്യാസ സഹായ വിതരണം നടത്തി.

ഐ.പി.സി. മാനന്തവാടി ഗോസ്പൽ ടീമിന്റെ സഹകരണത്തോടെ 17-ാം തീയതി വിവിധ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം മാനന്തവാടി ടൗണിൽ വെച്ചു നൽകി. കടന്നുവന്ന രക്ഷിതാക്കളോടും വിദ്യാർത്ഥികളോടും സുവിശേഷം പങ്കിട്ടു. കുട്ടികൾക്കായ് ആക്ഷൻ സോങ്ങും നടത്തി.

പരസ്യയോഗങ്ങളും ഭവന കൂട്ടായ്മകളും പല സ്ഥലങ്ങളിൽ നടത്തി. മാനന്തവാടി, കുണ്ടാലി, പണിയ കോളനിയിൽ അരിവിതരണം നടത്തി.

മെയ് മാസം 9-ാം തീയതി ഇടമൺ ദ്വാരക ഐ.പി.സി സഭയോടുള്ള ബന്ധത്തിൽ വിദ്യാഭ്യാസ സഹായങ്ങൾ നൽകി. ഈ പ്രവർത്തനങ്ങൾക്ക് പ്രസിഡന്റ് ജേക്കബ് വർക്കി, സെക്രട്ടറി പാസ്റ്റർ സാംകുട്ടി മാത്യു, ട്രഷറർ ലാലു കോശി, പാസ്റ്റർ കെ. ജെ. മാത്യു, പാസ്റ്റർ സാബു എന്നിവർ നേതൃത്വം നല്കി.






**വിദ്യാഭ്യാസ സഹായ വിതരണം, അരിവിതരണം, പരസ്യയോഗം ഇവ ക്യാമറ കണ്ണുകളിലൂടെ**








# മൂന്നാം ലോകമഹായുദ്ധം: സൈബർ യുദ്ധം ആരംഭിച്ചു



**പാസ്റ്റർ ഷൈജു തോമസ്**
ഞാറയ്ക്കൽ, 9447313709

നിനച്ചിരിക്കാത്ത സമയത്ത് അപ്രതീക്ഷതമായി ലോകത്തെ നടുക്കി കൊണ്ടിരിക്കുന്ന റാൻസംവെയർ ആക്രമണം അതീവ ഗൗരവകരമാണ്. മൂന്നാം ലോക മഹായുദ്ധത്തിന്റെ ഭീഷണികൾ നിലനിൽക്കേയാണ് കഴിഞ്ഞ ദിവസം ലോകത്താകമാനം ഉള്ള കമ്പ്യൂട്ടറുകളിൽ സൈബർ ആക്രമണം ഉണ്ടായത്. ഇന്റർനെറ്റ് ലോകത്തെ ഭീതിയിലാഴ്ത്തിയ റാൻസംവെയർ ആക്രമണത്തിന് പിന്നിൽ ഉത്തര കൊറിയയാണെന്നാണ് ലഭ്യമായി തീരുന്ന ആദ്യ റിപ്പോർട്ട്. ഇതോടെ വളരെ കാലമായി ലോകം ഭയപ്പെട്ട് കൊണ്ടിരിക്കുന്ന മൂന്നാം ലോകമഹായുദ്ധം തുടങ്ങാൻ ഇനിയും അധികം നേരമില്ലെന്ന മുന്നറിയിപ്പുമായി ലോകരാഷ്ട്രങ്ങൾ രംഗത്തെത്തിയിട്ടുണ്ട്. ലോകമെങ്ങുമുള്ള കമ്പ്യൂട്ടറികളിൽ നടന്ന ആക്രമണത്തിൽ ഇംഗ്ളണ്ടിലെ നാഷണൽ ഹെൽത്ത് സർവീസ് ആശുപത്രികൾ, യൂറോപ്യൻ വാഹന നിർമാണ കമ്പനിയായ നിസ്സാൻ സ്പാനിഷ് കമ്പനിയായ ടെലിഫോണിക്ക മുതലായ വമ്പൻ സ്ഥാപനങ്ങളുടെ നടത്തിപ്പിനെവരെ ഈ അക്രമകാരി സോഫ്റ്റ്വെയർ അവതാളത്തിലാക്കിക്കഴിഞ്ഞു. ബാധിച്ചുകഴിഞ്ഞാൽ കംപ്യൂട്ടറിലുള്ള ചിത്രങ്ങൾ, ഡോക്യുമെന്റുകൾ, വീഡിയോസ് ഡാറ്റാബേസ് മുതലായ പ്രധാന വിവരങ്ങളെ ഈ സോഫ്റ്റ്വെയർ എൻക്രിപ്റ്റ് ചെയ്യുന്നു. അങ്ങനെ വിവരങ്ങൾ ഉപയോക്താവിന് ലഭ്യമല്ലാതെയാകുന്നു. അതിനു ശേഷം ഈ റാൻസംവേർ സോഫ്റ്റ്വെയർ വിവരങ്ങൾ ഡീക്രിപ്റ്റ് ചെയ്ത് തിരികെ നൽകുന്നതിന് പണം ആവശ്യപ്പെടും. ബിറ്റ്കോയിൻ എന്ന ഡിജിറ്റൽ നാണയത്തിലൂടെയാണ് പണം ആവശ്യപ്പെടുന്നത്. മൂന്നുദിവസത്തിനുള്ളിൽ പണം കൈമാറിയില്ലെങ്കിൽ ഇരട്ടി തുക നൽകേണ്ടിവരും എന്നും ഏഴ് ദിവസത്തിനുള്ളിൽ പണം നൽകിയില്ലെങ്കിൽ ഡാറ്റാ എന്നെന്നേക്കുമായി നഷ്ടപ്പെടും എന്ന ഭീഷണിയും ഈ മാൽവെയർ സോഫ്റ്റ്വെയർ നടത്തുന്നു. അമേരിക്കൻ രഹസ്യാന്വേഷണ ഏജൻസിയായ നാഷണൽ സെക്യൂരിറ്റി ഏജൻസിയുടെ പക്കൽ നിന്നും മോഷ്ടിച്ചെടുത്താണ് വാന്നാ ഡീക്രിപ്റ്റർ എന്ന റാൻസംവേർ തയ്യാറിക്കിയത്. 300 മുതൽ 600 വരെ ഡോളറാണ് ഒരോ കമ്പ്യൂട്ടറിനും പിഴപ്പണമായി ചോദിച്ചത്. നൂറ്റമ്പതോളും രാജ്യങ്ങളിലെ രണ്ട് ലക്ഷം കമ്പ്യൂട്ടർ ശൃംഖലകളാണ് ഇതുവരെ സൈബർ ആക്രമണത്തിന് ഇരയായത്. സ്പാം ഇ മെയിലിലൂടെയും മറ്റുമാണ് ഈ അപകടകാരി ആദ്യം കംപ്യൂട്ടറിൽ കയറിപ്പറ്റുക. കയറിപ്പറ്റി പ്രവർത്തിച്ച് തുടങ്ങിയാൽ കിൽ സ്വിച്ച് എന്ന് രജിസ്റ്റർ ചെയ്യപ്പെടാത്ത സെർവർ നാമത്തിനായി തെരയും. ഇങ്ങനെ ഒരു നാമം ഇല്ലെന്നുകണ്ടാൽ പിന്നെ ആക്രമണം തുടങ്ങുകയായി. കംപ്യൂട്ടറിലെ ഫയലുകൾ ഓരോന്നായി ഇത് എൻക്രിപ്റ്റ് ചെയ്യും. തുടർന്ന് വിൻഡോസ് ഓപ്പറേറ്റിങ് സിസ്റ്റത്തിലെ സെർവർ മെസേജ് ബ്ളോക്ക് (എസ്എംബി)എന്ന് നെറ്റ്വർക്ക് പ്രോട്ടോകോളിലെ സുരക്ഷാപിഴവിനെ മുതലാക്കി വാണാക്രൈ കംപ്യൂട്ടറുകളിൽനിന്ന് കംപ്യൂട്ടറുകളിലേക്ക് പരക്കും. ഈ സുരക്ഷാപിഴവ് ഉപയോഗിച്ച് വ്യക്തിവിവരങ്ങൾ ചോർത്താൻ അമേരിക്കയുടെ നാഷണൽ സെക്യൂരിറ്റി ഏജൻസി 'എന്റേണൽ ബ്ളൂ'എന്ന സോഫ്റ്റ്വെയർ കഴിഞ്ഞമാസം വികസിപ്പിച്ച വിവരം പുറത്തായിരുന്നു. ഇത്തരം സൈബർ ആക്രമണ സോഫ്റ്റ്വയർ നിർമ്മിച്ചെടുക്കുന്നത് മൂന്നാം ലോക മഹാ യുദ്ധത്തിൽ ഉപയോഗിക്കുന്ന ആയുധങ്ങൾ കൂടുതലും കമ്പ്യൂട്ടർ നീയന്ത്രിതമായതിനാലാണ്. ലോകത്തെ നടുക്കിയ റാൻസംവെയർ ആക്രമണത്തിന് ഇന്ത്യയും ഇരയായതോടെ ആർബിഐയുടെ നിർദ്ദേശ പ്രകാരം പഴയ ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന 2.25 ലക്ഷം എ. ടി. എമ്മുകൾ അടച്ചിടാൻ ബാങ്കുകൾ തയ്യറായി. ഇത് രാജ്യത്ത് വളരെ ഗൗരവകരമായ സാമ്പത്തീക അരജകത്വമാണ് സംജാതമായത്.ഈ ആക്രമണത്തിൽ ലോകത്തിലെ വൻ ശക്തികളുടെ സൈബർ വിദഗ്ദർ അക്ഷരാർത്ഥതിൽ നോക്കുകുത്തിയായി മാറി. മനുഷ്യന്റെ കഴിവിന്റെ പരിമിതിയെയാണ് ഇത് കാണിക്കുന്നുത്. ലോകം നേരിടുന്ന ഈ ആക്രമണം നിമിത്തം ലോക ജനതയുടെ സമാധാനം തന്നെ നഷ്ടപ്പെട്ടിരിക്കുകയാണ്. ബൈബിൾ പ്രവചനം പോലെ നിരാശയോടു കൂടിയ പരിഭ്രമം ബാധിച്ചിരിക്കുന്നു ഏവർക്കും. കാരണം സൈബർ ആക്രമണത്തിന്റെ തുടർച്ചയായി ആണവയുദ്ധംമുണ്ടാകുമെന്ന് ലോകത്തിലെ പല രാജ്യങ്ങളും തങ്ങളുടെ പൗരന്മാരോട് പരോക്ഷമായി സൂചിപ്പിച്ച് കഴിഞ്ഞു. ഒരു ആണവ യുദ്ധം ഉണ്ടായാൽ അതിനെ പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗം ആരായുകയാണ് മിക്ക ലോകരാജ്യങ്ങളും. അങ്ങനെ ജനസമൂദായ കടലിന്മേൽ നാലു വശത്തും നിന്നും ആഞ്ഞടിക്കുന്ന പ്രതികൂല കാറ്റുകളാൽ തമ്മിൽ ഭേദിക്കപ്പെട്ട മൃഗം പുറത്തു വന്നതു പോലെ ഒരു ലോക നേതാവ് എഴുന്നേറ്റു വരും, അതിനുള്ള സമയമായി എന്നാണ് ഇത് തെളിയിക്കുന്നത്. ഇതുവരെ സംഭവിച്ച യുദ്ധങ്ങളെ അപേക്ഷിച്ച് അതിവേഗത്തിൽ വിനാശകരമായിരിക്കും മൂന്നാം ലോകമഹായുദ്ധം. മൂന്നാം ലോക മഹായുദ്ധം എന്നത് ഭാവിയിൽ ഏതെങ്കിലും ഘട്ടത്തിൽ സംഭവിക്കും എന്ന കാര്യത്തിൽ സംശയം വേണ്ട കാരണം ലോകം അതിനായി ഒരുങ്ങുന്നു, അതുപോലെ തന്നെ വിശുദ്ധ വേദപുസ്തക പ്രവചനങ്ങളും അത് സാധുകരിക്കുന്നു. ഇതുവരെ കണ്ടതു പോലെയുള്ള യുദ്ധ മുറകളോ തന്ത്രങ്ങളോ ആയിരിക്കില്ല മൂന്നാം ലോകമഹായുദ്ധത്തിൽ ഉപയോഗിക്കുക. കമ്പ്യൂട്ടറുകളുടെ സഹായത്തോടെ ലക്ഷ്യം കൃത്യമായി നിർണയിച്ച് അണുവിട തെറ്റാതെ വിക്ഷേപിക്കുവാൻ കഴിയുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആയുധങ്ങൾ ആയിരിക്കും ഉപയോഗിക്കുക. അതിവേഗത്തിലായിരിക്കും യുദ്ധം തുടങ്ങുകയും നിർണ്ണായകഘട്ടത്തിൽ എത്തിച്ചേരുകയും ചെയ്യുക. മനുഷ്യന്റെ വേഗതയെ ചോദ്യം ചെയ്യുന്ന തരത്തിലായിരിക്കും അത്. നിലവിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിക്കുന്ന ആയുധങ്ങളുടെയും യന്ത്രങ്ങളുടെയും നിർമ്മാണത്തിൽ റഷ്യയും ചൈനയുമാണ് മുന്നിൽ. യുദ്ധമേഖലകളിൽ ഉപയോഗിക്കാവുന്ന റോബോട്ടുകളിലും ഈ രാജ്യങ്ങൾക്ക് മുൻതൂക്കം ഉണ്ടെന്നാണ് കരുതപ്പെടുന്നത്. വായുസേനയുടെ ബലത്തിൽ ലോകത്തിലെ ഏറ്റവും ശക്തമായ രാജ്യം അമേരിക്കയാണെന്നാണ് നിഗമനം. എന്നാൽ മൂന്നാം ലോകമഹായുദ്ധത്തോടെ അമേരിക്കയുടെ ആധിപത്യം നഷ്ടപ്പെടുമെന്നും വിദഗ്ദർ പറയുന്നു. അത് സത്യമാണ് യെഹസ്ക്കിയേൽ പ്രവാചകൻ അത് ശരിവെയ്ക്കുന്നമുണ്ട്. മൂന്നാം ലോകമഹാ യുദ്ധത്തിന്റെ ഏറ്റവും തന്ത്ര പ്രധാനമായ മേഖല സൈബറാണ്. ഇന്ന് ലോകത്തിന്റെ ഗതിവിഗതികളെ നീയന്ത്രിക്കുന്ന ഇന്റർനെറ്റ് സംവിധാനം, കമ്പ്യൂട്ടറുകളാൽ നീയന്ത്രിക്കപ്പെടുന്ന ആയുധങ്ങൾ അങ്ങനെ വിവരസാങ്കേതിക ശൃംഘല തകർക്കുവാൻ ഏത് രാജ്യത്തിന് കഴിയുമോ അവർക്കായിരിക്കും മൂന്നാം ലോകമഹായുദ്ധത്തിൽ മേൽക്കോയ്മ ലഭിക്കുക. കാരണം കമ്പ്യൂട്ടറിനാൽ നീയന്ത്രിതമായ എല്ലാ ആയുധങ്ങളെയും ഉപയോഗിക്കുവാൻ കഴിയാതെ ആക്കുവാൻ അതിന് കഴിയും അങ്ങനെ എതിരാളിയെ നിരായുധനാക്കുവാനും. അതുകൊണ്ടാണ് സൈബർ ആക്രമണങ്ങളെ ലോകരാജ്യങ്ങൾ ഇത്ര അധികം ഭയപ്പെടുവാൻ കാരണം.

അക്ഷരങ്ങളുടെ അത്ഭുതലോകം - 2

# വായിക്കാതെ പുളയുന്ന സാക്ഷര കേരളം



ടീയെസ് കപ്പമാംമ്മൂട്ടിൽ

ഭാരതത്തിലെ സംസ്ഥാനങ്ങളിൽ സാക്ഷരതയിൽ ഏറ്റവും മുമ്പിൽ തന്നെ ചുവടുറപ്പിച്ചു നില്ക്കുന്ന പ്രദേശമാണ് കേരളം. അതുകൊണ്ടുതന്നെ സാക്ഷര കേരളമെന്നു കേൾക്കുമ്പോൾ മലയാളികൾ അഭിമാന വിജ്രംഭിതരാകുന്നത് സ്വാഭാവികം. എന്നാൽ വിദ്യാഭ്യാസത്തിന്റെ അവിഭാജ്യഘടകമായ വായനയ്ക്ക് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ദൗർഭാഗ്യവശാൽ വലിയ പരിഗണനയൊന്നും നൽകിയിട്ടില്ലെന്നതാണ് യാഥാർത്ഥ്യം.

സിലബസ്സിൽ കുത്തിനിറച്ച ആശയങ്ങൾ ഉത്തരക്കടലാസ്സിലേക്ക് പകർത്തുവാൻ കഴിയുന്ന വിദ്യാർത്ഥികളെ അഭിനന്ദനങ്ങളുടെ പൊന്നാടകൾ അണിയിച്ച് നാം ആദരിക്കും. ഏറ്റവും കൂടുതൽ മാർക്കുകൾ നേടി ഉന്നത വിജയം നേടുന്നവരെ വിദ്യാസമ്പന്നരായി സമൂഹം പ്രഖ്യാപിക്കുമ്പോൾ, വായനയിലൂടെ വളരുകയെന്ന മഹത്തായ ആശയത്തിന് പ്രസക്തി നഷ്ടപ്പെടുന്ന അവസ്ഥ. ഈ പശ്ചാത്തലത്തിൽ, വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കപ്പെടാതെ മുളയിൽ തന്നെ വാടിക്കരിഞ്ഞു പോകുന്നത് അധികമാരും ശ്രദ്ധിക്കാറില്ല. ശ്രദ്ധിച്ചവരിൽ ഒരു നല്ല പങ്കും അത് ശ്രദ്ധയിൽപെട്ടതായി ഭാവിക്കാറുമില്ല.

ജീവിതത്തിന്റെ മർമ്മങ്ങളെ തൊട്ടറിയുവാൻ സഹായകരമായിത്തീർന്ന ബൃഹത്തായ അനുഭവസമ്പത്തിന്റെ ഉടമയായിരുന്നു, തന്റെ കുഞ്ഞുകവിതകളിലൂടെ കുട്ടികളേയും മുതിർന്നവരേയും ഒരുപോലെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത കുഞ്ഞുണ്ണിമാഷ്. അദ്ദേഹത്തിന്റെ വാക്കുകൾ നമ്മുടെ സമൂഹത്തിന് ശക്തമായൊരു മുന്നറിയിപ്പാണ്–

“വായിച്ചു വളർന്നാൽ വിളയും
വായിക്കാതെ വളർന്നാൽ വളയും”.

പാശ്ചാത്യനാടുകളിലെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ആഴവും പരപ്പുമുള്ള വായനയ്ക്ക് പ്രമുഖസ്ഥാനം തന്നെയുണ്ട്. വായനയെ പ്രോത്സാഹിപ്പിക്കുവാനുള്ള ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന നിരവധി ഗ്രന്ഥാലയങ്ങൾ അവിടെയുണ്ട്. വിദ്യാലയങ്ങളിൽ ചേർക്കുന്നതിന് വളരെ മുമ്പുതന്നെ പ്രസ്തുത രാജ്യങ്ങളിലെ മാതാപിതാക്കൾ തങ്ങളുടെ കുട്ടികൾക്ക് വായിക്കുവാനുള്ള പരിശീലനം ഭവനത്തിൽ ആരംഭിച്ചിരിക്കും.

വായിക്കാതെ ‘വളഞ്ഞു’കൊണ്ടിരിക്കുന്ന സാക്ഷര കേരളത്തിന്റെ കാര്യമവിടെ നില്ക്കട്ടെ. ഈ പശ്ചാത്തലത്തിൽ ആത്മീയ ലോകത്തിന്റെ അവസ്ഥയൊന്ന് അവലോകനം ചെയ്യാം.

കോളിങ് ബെല്ല് മുഴങ്ങിയപ്പോൾ ഗൃഹനാഥ തിരക്കിനിടയിലും വേഗം പൂമുഖത്തെത്തി. അങ്കണത്തിൽ കാത്തു നിൽക്കുന്ന അപരിചിതനെ കണ്ടപ്പോൾ ആ മുഖത്ത് നിറഞ്ഞുനിന്നത് ചോദ്യഭാവം. അപരിചിതൻ ആഗമനോദ്ദേശം വെളിപ്പെടുത്തി–

“ക്രൈസ്തവ ഭവനമാണെന്ന് തോന്നിയതു കൊണ്ട് കയറിയതാണ്. ഞാനൊരു സുവിശേഷകനാണ്. കുട്ടികളേയും മുതിർന്നവരേയും മാനസികമായും ആത്മീയമായും വളരുവാൻ സഹായിക്കുന്ന നല്ല പുസ്തകങ്ങൾ കൈവശമുണ്ട്. വളരെ ന്യായമായ വില മാത്രമെയുള്ളൂ”...

“ഇവിടെ വേദപുസ്തകം വായിക്കാൻ സമയമില്ല. പിന്നെയാ മറ്റു പുസ്തകങ്ങൾ വായിക്കാൻ പോകുന്നത്!”

ആഗതന്റെ പ്രതികരണത്തിനു കാത്തുനില്ക്കാതെ ഗ്രഹനാഥ തിരിഞ്ഞുനടന്നു.

ഒരു നല്ല പങ്ക് ക്രൈസ്തവരുടെ മനോഭാവമാണ് ആ വീട്ടമ്മയുടെ വാക്കുകളിലൂടെ പുറത്തുവന്നത്.

നമ്മുടെ തലമുറ ദൈവത്തെ സ്നേഹിക്കുന്ന ഒരു തലമുറയായി നിലനില്ക്കുവാൻ ആഗ്രഹിക്കുന്ന മാതാപിതാക്കൾ മക്കളെ വായിക്കുവാൻ പ്രോത്സാഹിക്കുകയും, അതിനാവശ്യമുള്ള പരിശീലനം ഇളംപ്രായത്തിൽത്തന്നെ ഭവനത്തിൽ നല്കുകയും വേണം. നാം വായിക്കുന്നതുകണ്ട് കുട്ടികൾ ഭവനത്തിൽ വളരുവാനുള്ള സാഹചര്യം നാമൊരുക്കിയാൽ കുട്ടികൾ വായനാശീലമുള്ളവരായിത്തീരും. പണം വാരിക്കൂട്ടുന്ന യന്ത്രങ്ങളായി മാത്രം നമ്മുടെ തലമുറ തരംതാണ് പോകാതെയിരിക്കാൻ അവരുടെ സ്വഭാവരൂപീകരണത്തിൽ നിർണ്ണായക പങ്കു വഹിക്കാൻ കഴിയുന്ന ഉത്തമഗ്രന്ഥങ്ങൾ ചെറുപ്രായത്തിൽ തന്നെ നാം അവർക്കു പരിചയപ്പെടുത്തണം.

ഹോം ലൈബ്രറികളുള്ള ഭവനങ്ങൾ നമ്മുടെയിടയിൽ വളരെ കുറവാണ്. വായനയോടുള്ള നമ്മുടെ അവഗണനാ മനോഭാവത്തിനു നേരെയാണ് ഈ പ്രസ്തുത വിരൽ ചൂണ്ടുന്നത്. ഒരു ഹോം ലൈബ്രറി ഭവനത്തിലില്ലെങ്കിൽ, അതിനുള്ള ക്രമീകരണങ്ങൾ ചെയ്യുവാൻ മാതാപിതാക്കൾ മുൻകൈയെടുക്കണം.

ഇതരഗ്രന്ഥങ്ങൾ പോകട്ടെ. മുമ്പു പരാമർശിച്ച വീട്ടമ്മയെപ്പോലെ ദൈവവചനം പോലും വായിക്കുവാൻ കഴിയാത്ത നിലയിൽ നമ്മിൽ പലരും തിരക്കുള്ളവരായി മാറിയിരിക്കുകയാണ്. കുടുംബപ്രാർത്ഥനയിൽ ഔപചാരികമായി വായിക്കുന്നതിൽ നമ്മിൽ പലരുടെയും തിരുവചന പാരായണം ഒതുങ്ങിപ്പോയ അവസ്ഥ. വിശ്വാസികളിൽ ദൈവവചനം പതിവായി വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന എത്രപേർ നമ്മുടെയിടയിലുണ്ട് എന്ന് മനസ്സിലാക്കുവാൻ ഒരു സർവ്വെ നടത്തിയാൽ ലഭിക്കുന്ന വിവരങ്ങൾ നമ്മെ ഞെട്ടിച്ചേക്കാം. ആരാധനായോഗത്തിൽ സഭാശുശ്രൂഷകൻ വിളമ്പുന്ന ആത്മീയാഹാരം മാത്രം അയവിറക്കി ഓരോ ആഴ്ചയും തള്ളിനീക്കുന്നതാണ് ഒരു വിശ്വാസിയുടെ അവസ്ഥയെങ്കിൽ, അതെത്ര ദുഃഖകരമാണ്.

നമ്മുടെയും നമ്മുടെ തലമുറകളുടെയും മനോഭാവത്തിന് അടിസ്ഥാനപരമായ ഒരു രൂപാന്തരം അനിവാര്യമാണ്. അക്ഷരങ്ങളുടെ അത്ഭുതലോകത്തിലേക്ക് നാം ചുവടുകൾ വെച്ചാൽ ആ രൂപാന്തരം അനായാസമായി സ്വന്തമാക്കാൻ നമുക്കു കഴിയും.

ലേഖനം

# സ്വർഗ്ഗരാജ്യത്തിലെ കളകൾ



പാസ്റ്റർ ജോൺസൺ
സഖറിയ, ഡാളസ്

**അന്യഭാഷ.** ദൈവസഭയുടെ ആരംഭത്തിൽകൂടിയിരുന്ന ജനം പരിശുദ്ധാത്മാവ് നല്കിയ ഭാഷകളിൽ സംസാരിച്ചുയെന്നതിനു യാതൊരു സംശയവും ആർക്കും കാണുകയില്ല. അത് സഭ ഭൂമിയിൽനിന്നും എടുത്തുകൊള്ളപ്പെടുന്ന സമയം വരെ തുടരുന്നതും ആയിരിക്കും. തർക്കിക്കുവാൻ ശ്രമിക്കാതെ മനസ്സിലാക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ ഏതൊരു സത്യാന്വേഷിക്കും ഇതു മനസ്സിലാക്കുവാൻ കഴിയും. എന്നാൽ ഇന്നു കേൾക്കുന്ന എല്ലാ ശബ്ദകോലാഹങ്ങളും പരിശുദ്ധാത്മാവിൽ നിന്നും ഉള്ളതല്ലായെന്നതു സത്യമാണ്. അതുകൊണ്ട് സത്യം ഇല്ലാതെ വരികയില്ല. ആധുനിക ആരവാര അമരക്കാർ ഇപ്പോൾ എല്ലാവരും അന്യഭാഷ പറയട്ടെ എന്നു വിളിച്ചു പറയുമ്പോൾ കേൾക്കുന്ന ശബ്ദങ്ങൾ പരിശുദ്ധാത്മാവിൽ നിന്നും ഉള്ളതാണെന്നു എങ്ങനെ പറയുവാൻ സാധിക്കും. പരിശുദ്ധാത്മാവ് നൽകുന്നതു പറഞ്ഞാലെ ആദിമ നൂറ്റാണ്ടിലെ അനുഭവങ്ങളും ഉണ്ടാകുകയുള്ളൂ.

ആരാധനക്രമങ്ങളെകുറിച്ചു പൗലോസ് എഴുതുമ്പോൾ പറഞ്ഞതു എല്ലാം ഉചിതവും ക്രമവും ആയിരിക്കണമെന്നാണ് (Let all things be done decently and in order. 1 Cor.14:40). ആരാധനക്കാർ ഇതു മറന്നു. ഇന്നു പെന്തെക്കോസ്തരുടെ ആരാധനയും അന്യഭാഷയും വളരെയധികം ആക്ഷേപിക്കപ്പെടുന്നു. കോമഡിക്കാർക്കു നാം പരിപാടികൾ ഉണ്ടാക്കി കൊടുക്കുകയാണ്. മൈക്കിൽകൂടിയും മറ്റും അന്യഭാഷ പറയുന്നവർ ശ്രദ്ധിക്കു “ആത്മവരമില്ലാത്തവരോ അവിശ്വാസികളോ ഇതു കേട്ടാൽ നിങ്ങൾക്കു ഭ്രാന്തുണ്ടെന്നു പറയും” ആരാധനക്കാർ ലോകത്തിന്റെ മുമ്പിൽ ഭ്രാന്തന്മാരായി ചിത്രീകരിക്കപ്പെടണമോ? അന്യഭാഷ പറയണമെങ്കിൽ സംഗീതത്തിന്റെ സഹായമുണ്ടെങ്കിലെ സാധിക്കൂ എന്നു നിർബന്ധം പിടിക്കുന്നവർ മനസ്സിലാക്കൂ നിങ്ങൾ പരിശുദ്ധാത്മാവിൽ നിറഞ്ഞേ മതിയാകൂ. പ്രസംഗകരിൽ പലരും പ്രസംഗ മദ്ധ്യേ പറയുന്ന അന്യഭാഷ പലതും ഒരു പരിചയമായിക്കഴിഞ്ഞു. കാരണം ഒരു പ്രസംഗം പലരും പലയിടങ്ങളിലും പ്രസംഗിക്കാറുണ്ട്. അതു അവർക്കു കാണാപാഠവും ആണ്. ശ്രദ്ധിക്കൂ ഇവിടെ എല്ലായിടങ്ങളിലും പറയുന്ന അന്യഭാഷയും ഒന്നു തന്നെ കാരണം അതു അവരുടെ ഒരു രീതിയായിപ്പോയി. എന്നാൽ ദൈവജനം ഒരുകാര്യം അറിഞ്ഞിരിക്കേണം. വ്യക്തി ജീവിതത്തിൽ ആത്മീക വർദ്ധനവ് ഉണ്ടാകണമെങ്കിൽ പരിശുദ്ധാത്മാവിൻ അന്യഭാഷ സംസാരിക്കേണം. ആകയാൽ ആരെങ്കിലും പരിശുദ്ധാത്മ നിറവിൽ അന്യഭാഷ സംസാരിക്കുന്നെങ്കിൽ അതിനെ വിലക്കരുതു, ആക്ഷേപിക്കുകയും അരുത്. അന്യാഗ്നി കത്തിക്കുന്നവനെ കൈകാര്യം ചെയ്യുവാൻ “ദഹിപ്പിക്കുന്ന അഗ്നി” സമീപത്തുതന്നെയുണ്ട്.

**കളകളുടെ പ്രവചനം.** കളകൾക്കു വളരെ ആദായകരമായ ഒരു കച്ചവടമാണു പ്രവചനം. ഭാവിയെ കുറിച്ചും ഓരോരുത്തരും അനുഭവിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരങ്ങളെയുംകുറിച്ച് അറിയണമെന്നു ആഗ്രഹിക്കുന്നതു തെറ്റല്ല. എന്നാൽ അതിനു തെറ്റായ മാർഗ്ഗം കണ്ടെത്തിയാൽ തെറ്റിപോകുകയേയുള്ളൂ. എന്താണു ഇന്നത്തെ പ്രവാചകന്മാർ എന്നുപറയുന്ന പലയിടത്തും “ദൂതുകൾ”? “മച്ചികൾ അമ്മച്ചിമാരാകുന്നു, അവിവാഹിതർ വിവാഹിതർ ആകുവാൻ പോകുന്നു. കച്ചവടം പുരോഗതി പ്രാപിക്കുന്നു. ഒരു കടയുള്ളവൻ ഇതാ ഉടനെ രണ്ടെണ്ണം കൂടി വാങ്ങുവാൻ പോകുന്നു.. വിദേശയാത്ര. ഗർഭാശയ സംബന്ധമായ എല്ലാരോഗങ്ങളും ഞാ ൻ കാണുന്നു. ആർക്കും കാണുവാൻ സാധിക്കാത്ത മുഴ എല്ലാം മലപോലെ നീങ്ങിപോകുന്നു” അങ്ങനെ നീണ്ടു പോകുന്ന ദൂതുകൾ ആണു കളകളുടെ തൊണ്ടയിൽ നിന്നും പുറപ്പെടുന്നത്. സാമാന്യ ബോധമെങ്കിലും ഉള്ളവർ ചിന്തിക്കൂ. വ്യക്തികൾക്കോ സഭകൾ ക്കോ ആത്മീകവർദ്ധന വരുത്തുന്നതു എന്തെങ്കിലുമുണ്ടോ ഈ പ്രസ്താവനകളിൽ? ഇതാണോ പ്രവചനം? ദൈവത്തിന്റെ പ്രവാചകന്മാർ ഇങ്ങനെയാണോ പ്രവചിക്കുന്നത്? തട്ടിപ്പുവീരന്മാർ നിങ്ങളുടെ പോക്കറ്റുകൾ അടിച്ചിട്ടും നിങ്ങൾ കൈകൾ കൊട്ടിചിരിക്കുകയാ ണോ? ആരും നിങ്ങളെ ചതിക്കരുത്. അന്ത്യകാലത്തു കള്ളപ്രവാചകന്മാരും വ്യാജ ഉപദേഷ്ടാക്കന്മാരും വരും എന്നു പറഞ്ഞ ദൈവ വചനം ഒരിക്കലും തെറ്റുകയില്ല. ആകയാൽ ഇവരെ വിട്ടൊഴിയുക. ദൈവത്തിന്റെ ദാസന്മാരെ സമീപിക്കുക. അവർ നിങ്ങളോടു ദൈവത്തിന്റെ ആലോചനകളെ അറിയിക്കും. **കളകൾ പുൾപ്പിറ്റിലും വള രുന്നു.** പ്രസംഗം ഒരു കലയാണ്. അവതരണം, ഭാഷ, പ്രാസം, വ്യാകരണം എല്ലാം പ്രധാനവും ശ്രദ്ധേയവുമാണ്. എന്നാൽ വചനശുശ്രൂഷ ഇതിൽ നിന്നും വ്യത്യസ്തമാണ്. ദൈവവചന ശുശ്രൂഷക്കു പ്രധാനം ദൈവനിയോഗമാണ്... .ഉയരത്തിൽ നിന്നുമുള്ള ജ്ഞാനം അത്യാവശ്യമാണ്. പരിശുദ്ധാത്മാവിന്റെ സഹായമില്ലാതെ വ്യക്തികളെ രൂപാന്തരപ്പെടുത്തുന്ന നിലയിൽ ആത്മാവിന്റെ വചനം വിഭാഗിക്കുവാൻ സാധിക്കുകയില്ല. ആത്മീയ ശുശ്രൂഷകൾ വിജയം പൗലോസ്സിന്റെ അനുഭവങ്ങൾ. താൻ പറയുന്നതു ശ്രദ്ധിക്കു “ഞാൻ ദൈവത്തിൽ നിന്നു (കർത്താവിൽ നിന്നു) പ്രാപിക്കുകയും നിങ്ങൾക്കു ഏല്പിച്ച് തരികയും ചെയ്യുന്നതു എന്തെന്നാൽ” (1 കൊരി. 11:23) മാത്രമല്ല ഞങ്ങൾ ദൈവവചനത്തിൽ കൂട്ടു ചേർക്കുന്ന അനേകരെപ്പോലെയ

–തുടർച്ച–

ല്ല” (2 കൊരി. 2:17). ഇതാണ് ദൈവവചന ശുശ്രൂഷയുടെ പ്രധാനമാതൃകകൾ. എന്നാൽ പലരും ഭൗതികനേട്ടങ്ങൾക്കായി പഠിപ്പിക്കുന്നു. പ്രസംഗിക്കുന്നു. ആകയാൽ ദുരുപദേശം (കളകൾ) എങ്ങും വ്യാപിക്കുന്നു. രക്ഷിക്കപ്പെടണം അനന്തരം സ്നാനപ്പെടണം വിശുദ്ധജീവിതം ചെയ്യണം എന്നിത്യാദി അടിസ്ഥാനപ്രമാണങ്ങൾപോലും കാര്യമാക്കേണ്ട. ആർക്കും കതൃമേശയിൽ പങ്കാളികളാകാം എന്നിത്യാദി ദുരുപദേശ പ്രഭാഷകർ വർദ്ധിച്ചു വരുന്നു. ഇഷ്ടംപോലെ ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ ഇവരെ പിന്തുടരുന്നു. **(തുടരും)**



## ചോദ്യോത്തരവേദി

# സുവിശേഷപ്രവർത്തനം പരാജയപ്പെടുന്നത് എന്തുകൊണ്ട്?

***ചോദ്യം:*** സുവിശേഷകരായി പല നാൾ പ്രവർത്തിച്ചിട്ടും യാതൊരു ഫലവും ഉണ്ടാകുന്നില്ല എന്നൊരു പരാതി പല സുവിശേഷകന്മാർക്കും ഉണ്ട്. ജനങ്ങൾക്ക് ഇന്റർനെറ്റ് മാധ്യമങ്ങളോടുള്ള ആസക്തി, പുതിയ സംസ്കാരം, ക്രിസ്തീയ നേതാക്കൾ പലരും മൂല്യച്യുതി കാരണം ജയിലിലാകുന്നതിന്റെ പത്രവാർത്തകൾ ഇവയൊക്കെയാണ് ജനങ്ങൾ സുവിശേഷത്തോടു മുഖം തിരിക്കുന്നതിന്റെ കാരണമായി പറഞ്ഞുകേൾക്കുന്നത്. ഈ വിഷയത്തിൽ താങ്കളുടെ പ്രതികരണം പ്രതീക്ഷിക്കുന്നു. **– തോമസ് കറുകച്ചാൽ**



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

***ഉത്തരം:*** ഇന്നാരും മാനസാന്തരം പ്രസംഗിക്കാറില്ല. ദൈവത്തെക്കുറിച്ചും മരണംവരെ മനുഷ്യരുടെ ജന്മനാ ഉള്ള പാപപ്രകൃതിയെക്കുറിച്ചും ഇതുവരെ ചിന്തിച്ചു വച്ചിരിക്കുന്ന ധാരണകൾക്ക് മാറ്റം വരുത്തുന്നതാണ് മാനസാന്തരം. അതിനുപകരം സ്നാനത്തെപ്പറ്റിയുള്ള തർക്കം, തിരുവത്താഴത്തെക്കുറിച്ചുള്ള തർക്കം, സ്വർണ്ണ വസ്ത്രധാരണത്തെക്കുറിച്ചുള്ള തർക്കം, താനുൾപ്പെട്ടു നിൽക്കുന്ന സഭയിലേക്ക് ഒരാളെകൂടിച്ചേർക്കുന്നതിനുള്ള വ്യഗ്രത ഇവയൊക്കെയാണ് ഇന്നത്തെ സുവിശേഷപ്രവർത്തനം. ക്രിസ്തീയ സ്വഭാവരൂപീകരണം ക്രിസ്തുവിനോട് അനുരൂപപ്പെടുത്തുന്നത് വിഷയമേ അല്ല. മദ്യം കുടിച്ച് മത്തരാകരുത്; അതിനാൽ ദുർന്നടപ്പ് ഉണ്ടാകുമല്ലോ എന്ന് പ്രസംഗിച്ചാൽ ശ്രോതാക്കളുണ്ടാവില്ല. അതിനുപകരം ഡെന്മാർക്കിലെ ജനങ്ങളുടെ മദ്യപാനരീതി വിവരിക്കുകയാണെങ്കിൽ കേൾവിക്കാരുണ്ടാകും. പല ടെലിവിഷൻ സുവിശേഷകന്മാരും ചെയ്യുന്നത് അതാണ്. അടുത്ത ടെലിവിഷൻ സുവിശേഷകൻ കാനഡായിലെ മദ്യപാനരീതി വിവരിക്കുമ്പോൾ (ജഡസ്വഭാവങ്ങൾ ലഘൂകരിക്കുമ്പോൾ) പുതുമയ്ക്കുവേണ്ടി ശ്രോതാക്കളെല്ലാം അങ്ങോട്ടു പോകുന്നു. എന്നാൽ എഴുതപ്പെട്ട വചനം വെളിപ്പെടുത്തിയ ദാവീദു പുത്രനെ, അപ്പൊസ്തലന്മാർ വെളിപ്പെടുത്തിയ കർത്താവിനെ കൂടുതലറിയുന്നതിന് പലർക്കും വ്യക്തിപരമായി താല്പര്യമില്ല. മിക്ക വിശ്വാസികൾക്കും അവരെ നയിക്കാൻ ഒരു നേതാവു വേണം. നേതാവിന്റെ വ്യാഖ്യാനങ്ങൾ തെറ്റാണെങ്കിലും ചോദിക്കാൻ ധൈര്യമില്ല. എന്നാൽ വചനം ഇപ്രകാരം വെളിപ്പെടുത്തുന്നു. "അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു; ആരും നിങ്ങളെ ഉപദേശിക്കേണ്ട ആവശ്യമില്ല...നിങ്ങൾ അവനിൽ വസിപ്പിൻ" (1 യോഹ. 2:27). കർത്താവിനെ അറിയാൻ ഭാഗ്യം സിദ്ധിച്ചവനാണെങ്കിലും, അപ്പൊസ്തലന്മാർ വെളിപ്പെടുത്തിയ യേശുവിന്റെ കല്പനകൾ പ്രമാണിക്കാതിരിക്കുന്നവൻ കള്ളനാകുന്നു; സത്യം (യേശു) അവനിലില്ല" എന്നാണ് ദൈവാത്മാവിന്റെ നിലപാട് (1 യോഹ. 2:4).

മുണ്ടക്കയം കുട്ടപ്പൻ കഴിഞ്ഞ ആഴ്ച ഏതാണ് 90–ാം വയസ്സിൽ മരിച്ചു. തമിഴ്നാട്ടിലുള്ള ശ്രീവൈകുണ്ഠത്ത് പോയി ഞാനദ്ദേഹവുമായി 2 മണിക്കൂർ സംസാരിച്ചിരുന്നു. തമിഴ് അറിയാതെ തമിഴ് നാട്ടിൽപോയി ശുശ്രൂഷ ചെയ്യാൻ കർത്താവിൽ നിന്ന് നിയോഗം കിട്ടിയ സുവിശേഷകനാണ് മുണ്ടക്കയം കുട്ടപ്പൻ. തന്റെ ശുശ്രൂഷയിൽ തമിഴ്നാട്ടിൽ 20 സഭകളുണ്ടായി. യേശുവിനെ വെളിപ്പെടുത്തുന്നതോടൊപ്പം വ്യക്തികളിലും കുടുംബങ്ങളിലും ബാധിച്ചിരിക്കുന്ന ഭൂതബാധകളെ പുറത്താക്കിയും തന്റെ ശുശ്രൂഷയിൽ രോഗികൾ സൗഖ്യമായുമാണ് എല്ലായിടത്തും സഭകൾ ഉടലെടുക്കാൻ കാരണം. കർത്താവ് ഹേമിക്കാതെ, കർത്താവിൽ നിന്ന് പ്രാപിക്കാതെ അദ്ദേഹം ശുശ്രൂഷ ചെയ്യാൻ പോകാറില്ലായിരുന്നു. കർത്താവിന്റെ ശക്തിക്കുമുന്നിൽ ഒരു ശക്തിക്കും പിടിച്ചുനിൽക്കാൻ പറ്റില്ലെങ്കിലും ധാരാളം കഷ്ടങ്ങളിൽകൂടി അദ്ദേഹത്തിന് കടന്നുപോകേണ്ടിവന്നു. ജീവിച്ചിരിക്കുമ്പോഴേ, ശ്രീ. ജയ്മോഹൻ അതിരുങ്കൽ അദ്ദേഹത്തിന്റെ ജീവചരിത്രം എഴുതിയിട്ടുണ്ട്. സുവിശേഷപ്രവർത്തനത്തിനു പോകുന്നവരെല്ലാം പ്രസ്തുത പുസ്തകം പലതവണ വായിക്കുന്നത് നല്ലതാണ്. ജയ്മോഹന്റെ ഫോൺ നമ്പർ 9567759748

വളരെ നാൾ പ്രവർത്തിച്ചിട്ടും വേണ്ടത്ര ഫലങ്ങൾ കാണാൻ കഴിയാതെ നിരാശനായ ഒരു സുവിശേഷപ്രവർത്തകൻ തന്റെ ഭാര്യയേയും കൂട്ടി പട്ടണത്തിൽ വന്ന സർക്കസ് കാണാൻ പോയി. അവസാനത്തെ ഇനം ഒരു കോമാളിയുടെതായിരുന്നു. കോമാളി വന്നപാടെ സർക്കസ് കൂടാരത്തിന്റെ നടുക്കുള്ള സ്റ്റേജിന്റെ നാലു ദിക്കിലും ചെന്ന് സദസ്യരെ അഭിവാദനം ചെയ്യുവാൻ ആരംഭിച്ചു. പടിഞ്ഞാറെ ദിക്കിലുള്ള സദസ്യരെ അഭിവാദനം ചെയ്യുവാൻ തലകുനിച്ചപ്പോൾ തന്റെ തൊപ്പി തലയിൽ നിന്നും ഊരി തറയിൽ വീണു ഉടനെ അടുത്തു നിന്ന ആന തൊപ്പിയിൽ കയറി ഇരിപ്പുറപ്പിച്ചു അങ്ങനെ ചെയ്യണമെന്ന് ആനയ്ക്ക് പരിശീലനം ലഭിച്ചിരുന്നു. കോമാളി ആനയോട് എഴുന്നേറ്റ് മാറുവാൻ ആജ്ഞാപിച്ചു. ആന കേൾക്കാത്ത ഭാവത്തിൽ തൊപ്പിയിൽ തന്നെ ഇരുന്നു. പിന്നീട് ആനയുടെ മുമ്പിൽ കേണുവീണ് അപേക്ഷിച്ചു. ആന മാറിയില്ല. ഇതെല്ലാം കണ്ട് സദസ്യർ ചിരിക്കുകയാണ്. പിന്നീട് കോമാളി ദേഷ്യപ്പെട്ട് ആനയെ ശക്തിയായി തൊഴിച്ചു. എന്നാൽ അയാളുടെ കാൽ വേദനിച്ചു കുറെ നേരം തിരുമ്മിയതല്ലാതെ ഒന്നും സംഭവിച്ചില്ല. സദസ്യർ ഇതെല്ലാം കണ്ട് ആർത്ത് ചിരിക്കുകയാണ്. നിരാശനായി കോമാളി കൂടാരത്തിൽ മറ്റൊരു മൂലയിൽ ചെന്ന് പോക്കറ്റിൽ നിന്ന് കപ്പലണ്ടി എടുത്ത് സാവധാനം തിന്നുവാൻ തുടങ്ങി. ഇതു കണ്ട ആന എഴുന്നേറ്റ് അവന്റെ അടുത്ത് ചെന്ന് തുമ്പിക്കൈ നീട്ടി യാചിക്കുവാൻ തുടങ്ങി. ഇതുകണ്ടതോടെ സുവിശേഷകന് ലഭിക്കേണ്ട സന്ദേശം എത്തി. മറ്റുള്ളവരെ പഴി പറയുന്നതിനു പകരം, ദൈവത്തിൽ നിന്ന് പ്രാപിച്ചത് വല്ലതും കൈയ്യിൽ കാണണം. തന്നിലുള്ളത് ദൈവത്തിൽ നിന്നുള്ളതാണെന്ന് മറ്റുള്ളവർക്ക് മനസ്സിലാകുകയും വേണം. എങ്കിൽ മാത്രമേ നമ്മൾ പറയുന്നത് മറ്റുള്ളവർ ശ്രദ്ധിക്കുകയും അവർക്കും ദൈവത്തെ വേണമെന്ന് തോന്നുകയുമുള്ളൂ. കർത്താവിൻ നിന്ന് വ്യക്തിപരമായി പ്രാപിക്കാതെ ഉറക്കെ തമ്പേറടിച്ചതുകൊണ്ടോ, അലറി പ്രാർത്ഥിച്ചതുകൊണ്ടോ ആഭരണം ധരിക്കാതിരുന്നതുകൊണ്ടോ, തൂവെള്ള വസ്ത്രം ധരിച്ചതുകൊണ്ടോ മീശ വടിച്ചതുകൊണ്ടോ, ദീർഘനാൾ ഉപവസിച്ചതുകൊണ്ടോ മറ്റുള്ളവർക്ക് അരോചകമുണ്ടാക്കാമെന്നല്ലാതെ വലിയ പ്രയോജനമൊന്നുമില്ല. കർത്താവ് ധാരാളം ദർശനങ്ങൾ കൊടുത്ത് പഠിപ്പിച്ച അപ്പോസ്തലന്റെ മാതൃക സുവിശേഷകന്മാർക്കെല്ലാം മാതൃകയാക്കാവുന്നതാണ്. "...ഞങ്ങൾ നിങ്ങളുടെ ഇടയിൽ ക്രമം കെട്ടവരായി പെരുമാറിയിട്ടില്ല... ഞങ്ങൾ ആരുടെയും ആഹാരം സൗജന്യമായി ഭക്ഷിച്ചിട്ടുമില്ല. ആർക്കും ഭാരമായിത്തീരുന്നത് എന്നു കരുതിയാണ് ഞങ്ങൾ അദ്ധ്വാനത്തോടും പ്രയാസത്തോടും രാപ്പകൽ വേല ചെയ്തു പോന്നത്...വേല ചെയ്യുവാൻ മനസ്സിലാത്തവൻ ഭക്ഷിക്കുകയുമരുത് എന്ന് **ഞങ്ങൾ കല്പിച്ചിട്ടുണ്ടല്ലോ..."** (2 തെസ്സ. 3:6–14). വേല ചെയ്യാത്തവനെല്ലാം നിത്യചിലവുകൾക്കുവേണ്ടി തിരിച്ചടയ്ക്കാൻ പദ്ധതിയില്ലാത്ത കടം വാങ്ങലുകൾ, മോഷണം മറ്റു ഉഡായിപ്പു പദ്ധതികളിലേക്ക് നീങ്ങും എന്നറിയുക (എഫെസ്യർ 4:28 വായിക്കുക). കേരളത്തിലെ ബാങ്കുകളൊന്നും സുവിശേഷവേലക്കാർക്ക് ഒരു ലോണും കൊടുക്കാറില്ല. അവർ വാക്കു പറഞ്ഞാൽ പാലിക്കാറില്ല എന്നാണ് ബാങ്ക് മാനേജർമാർ എന്നോട് പറഞ്ഞത്. വേല ചെയ്യുക എന്നുള്ളത് **അപ്പൊസ്തലിക കല്പനയിലും അപ്പൊസ്തലിക ഉപദേശത്തിലും** പെടുന്നു. അദ്ധ്വാനിക്കാൻ താല്പര്യമില്ലാത്തവനും അദ്ധ്വാനം പ്രോത്സാഹിപ്പിക്കാത്തവനും ആരുടെ എന്തു സുവിശേഷ പ്രവർത്തനമാണ് നടത്തുന്നത്. ഭൗതികവേലയോ ആത്മീയവേലയോ ചെയ്യാതെ വെറുതെ സമയം കളഞ്ഞ് ചില സുവിശേഷകർ വീട്ടിലിരുന്ന് ദ്രവിച്ചുപോകുന്നത് ഞാൻ കണ്ടിട്ടുണ്ട്.

അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം നമ്മുടെ ഇടയിൽ ഉണ്ടോ? പകരം നമ്മൾ സൃഷ്ടിച്ചെടുത്ത ഒരു ദൈവം, അപ്പോസ്തലന്മാരോ നമ്മുടെ പിതാക്കന്മാരോ അറിഞ്ഞിട്ടില്ലാത്ത ഒരു സാങ്കല്പിക ദൈവം, മാനസാന്തരപ്പെടാതെയും അദ്ധ്വാനിക്കാതെയും അനുഗ്രഹിക്കുന്ന ദൈവം നമ്മുടെ ഇടയിൽ ഉണ്ട്. ദൈവത്തെ നമ്മൾ സൃഷ്ടിച്ചതായതു ഈ ദൈവത്തെ നമുക്കറിയാം. അതുകൊണ്ട് ഈ ദൈവത്തിന്റെ സാമീപ്യം നമ്മളെ അത്ഭുതപ്പെടുത്തുന്നില്ല, ഭയപ്പെടുത്തുന്നില്ല, പാപബോധം വരുത്തുന്നുമില്ല, സത്യദൈവത്തിന്റെ സ്വഭാവം നാം അറിയുന്നുമില്ല.

ശബ്ദ കോലാഹലം കൊണ്ടും കൈയ്യടിച്ച് പാട്ടുപാടുന്നതും ആരാധനയായി കണ്ട് അതിൽകൂടി മാത്രം വിടുതലും സൗഖ്യവുമൊക്കെ ഉണ്ടാകുമെന്നുള്ള ഒരു ധാരണ ഇന്നത്തെ വിശ്വാസികളെ ആരോ പഠിപ്പിച്ചിരിക്കുന്നു. കർത്താവിന്റെ കല്പനകളും ഉപദേശങ്ങളും അനുസരിക്കാതെ, അനുദിന മാനസാന്തര അനുഭവമില്ലാതെ, മനസ്സു പുതുക്കി രൂപാന്തരപ്പെടാതെയുള്ള ആരാധന ദൈവത്തിന് പ്രസാദമുള്ള യാഗമായി തീരുകയില്ല എന്നാണ് വചനം (റോമർ12:1). ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹം, സത്യത്തെക്കുറിച്ചുള്ള പരിജ്ഞാനം പരിശുദ്ധാത്മാവ് തന്നിൽ സന്തോഷത്തോടെ വസിക്കുന്നെന്നുള്ള ബോധ്യം, ഈ നാലു കാര്യങ്ങൾ സമ്മേളിക്കുമ്പോഴാണ് സുവിശേഷ പ്രവർത്തനം വിജയിക്കുന്നത്.

# ഐ.പി.സി. കേരള സ്റ്റേറ്റ് കൺവൻഷൻ ഗായക സംഘം

2017 ഡിസം. 5 മുതൽ10 വരെ കോട്ടയത്തു നടക്കുന്ന സ്റ്റേറ്റ് കൺവൻഷൻ ഗായക സംഘത്തെ തിരഞ്ഞെടുക്കുന്നതിനുള്ള ശബ്ദപരിശോധന ജൂൺ 3 ശനി രാവിലെ 9.30 മുതൽ കോട്ടയം സിയോൻ ടാബർനാക്കിളിൽ നടക്കും. 15 വയസിനുമേൽ പ്രായമുള്ളവരും കൺവൻഷൻ ദിനങ്ങളിലും പരിശീലന ദിനങ്ങളിലും കൃത്യമായി പങ്കെടുക്കുവാൻ സാധിക്കുന്നവരും, ഐ. പി.സി. അംഗങ്ങളും നല്ല സാക്ഷ്യം ഉള്ളവരും പാട്ടുപാടുവാൻ താലന്തുള്ളവരുമായ സഹോദരീ സഹോദരന്മാർ സഭാ ശുശ്രൂഷകന്റെ സാക്ഷ്യപത്രം സഹിതം കൃത്യ സമയത്തു എത്തേണ്ടതാണ്.

# യു.പി.എഫ് പ്രവർത്തനോദ്ഘാടനം



**കുന്നംകുളം:** യു. പി. എഫ് 2017 – 18 വർഷത്തെ പ്രവർത്തനോദ്ഘാടനം ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് സംസ്ഥാന സെക്രട്ടറി പാസ്റ്റർ എബ്രഹാം ജോസഫ് നിർവ്വഹിച്ചു. സമ്മേളനത്തിൽ പാസ്റ്റർ ലാസർ മുട്ടത്ത് അദ്ധ്യക്ഷത വഹിച്ചു. ശാരോൻ ഫെലോഷിപ്പ് ചർച്ച് പാലക്കാട് ഡിസ്ട്രിക്റ്റ് മിനിസ്റ്റർ പാസ്റ്റർ കെ. ആർ. ജോസ്, പാസ്റ്റർ റ്റി. എ. ജെയിംസ്, പാസ്റ്റർ സന്തോഷ് മാത്യു, പാസ്റ്റർ അനീഷ് ഉലഹന്നാൻ, പാസ്റ്റർ റ്റി. ജെ. യേശുദാസ്, ബ്രദർ സി. സി. കുര്യൻ എന്നിവർ സംസാരിച്ചു. യു. പി. എഫ് ക്വയർ ഗാനങ്ങൾ ആലപിച്ചു. അഡ്മിനിസ്ട്രേഷൻ സെക്രട്ടറി ജോബിഷ് ചൊവ്വല്ലൂർ സ്വാഗതവും ജനറൽ സെക്രട്ടറി പാസ്റ്റർ പ്രതീഷ് ജോസഫ് നന്ദിയും പറഞ്ഞു. ഇയർ പ്ലാനർ പ്രകാശനവും ചാരിറ്റി ഫണ്ട് ശേഖരണ ബോക്സിന്റെ വിതരണവും നടന്നു.

E-mail: beljourn@gmail.com / Website: www.beljourn.com

01

## കേരളം സാത്താന്യ...

ഇന്ന് ലോകമെമ്പാടും തങ്ങളുടെ ശൃംഖല വ്യാപിപ്പിച്ചു കൊണ്ടിരിക്കുന്നു. ചർച്ച് ഓഫ് സാത്താൻ സഭയുടെ ആരാധനയെപ്പറ്റി ബോധവൽകരണവും അതിന്റെ വേരുകളെപ്പറ്റി അന്വേഷണവും നടക്കുമ്പോൾ കൂടുതൽ സുരക്ഷിതമായ മാർഗങ്ങൾ തേടുകയാണ് സാത്താൻ സഭയുടെ പിൻഗാമികൾ. ഇതിന് മറയാകുന്നത് സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകളും മറ്റ് മൊബൈൽ സൗഹൃദ കൂട്ടായ്മകളുമാണ്. ഈ സൈറ്റുകളിൽ സാത്താനെ ആരാധിക്കുമ്പോഴുണ്ടാകുന്ന ഗുണങ്ങളും മറ്റും വിവരിച്ച് പേജുകൾ തുടങ്ങി സാത്താൻ പിൻഗാമികൾ തങ്ങളുടെ വലവിരിക്കൽ തുടങ്ങിയിരിക്കുകയാണ്. തിന്മയുടെ പ്രചാരകർ ഈ പുതിയ മാർഗങ്ങളിലൂടെ കേരളത്തിൽ കൂടുതൽ പ്രചാരം നേടി വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. മൊത്തം കേരളീയ സമൂഹം നേരിടുന്ന പ്രശ്നമാണിത്. ഒരു മതത്തിൽ വിശ്വാസിക്കാത്തവർക്കു പോലും അംഗീകരിക്കാനാവാത്തതാണവരുടെ നടപടികൾ. ഇവരുടെ സൈറ്റിലും അനുബന്ധ സംഘടനകളിലും അംഗങ്ങളായവരിൽ മലയാളികളുമുണ്ടെന്ന വിവരം ഞെട്ടിക്കുന്നതാണ്. അതുകൊണ്ട് മതനേതൃത്വങ്ങളോടൊപ്പം സർക്കാരും ഇക്കാര്യത്തിൽ ജാഗ്രത ഉള്ളവർ ആകേണ്ടതാണ്. എന്തിന്റെ പേരിൽ നടമാടുന്നതാണെങ്കിലും മയക്കുമരുന്നുപയോഗവും സാമൂഹിക സദാചാര വിരുദ്ധ പ്രവർത്തനവും തടയാൻ ചുമതലപ്പെട്ടവരാണ് നമ്മുടെ സർക്കാരുകൾ.

01

## അഴിമതി ആരോപണം.....

വൻഷന് ഭക്ഷണം നൽകാൻ ഉപയോഗിച്ചിട്ടുണ്ട്. ഇതിൽ യാതൊരു അഴിമതിയും നടന്നിട്ടില്ല എന്നും അദ്ദേഹം പറഞ്ഞു. ആഡിറ്റോറിയം നിർമ്മാണത്തിനു ലഭിച്ചിട്ടുള്ള സംഭാവനയ്ക്കും രസീതു നൽകി കണക്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമാനുമതി ലഭിച്ചാലുടൻ പണി തുടങ്ങുന്നതായിരിക്കും. സാമ്പത്തിക ക്രമക്കേട് ഉന്നയിച്ചുകൊണ്ട് ഒരു സഹോദരൻ ഐപിസിക്കെതിരേ ഹൈക്കോടതിയിൽ കൊടുത്ത കേസ് സംബന്ധിച്ചു യാതൊരു ആശങ്കയുമില്ല. കോടതിയെ സമീപിക്കുമ്പോൾ അന്വേഷണ ഉത്തരവ് ഉണ്ടാകുന്നത് സ്വാഭാവികം മാത്രം. നിജസ്ഥിതി ബോധ്യപ്പെടുത്താൻ കഴിയും എന്ന് ആത്മവിശ്വാസമുണ്ട്. വിശ്വാസികൾ തെറ്റിദ്ധരിക്കപ്പെടരുതെന്ന് അദ്ദേഹം ഓർപ്പിച്ചു. ജനറൽ സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ്, ബ്രദർ എം.വി. ഫിലിപ്പ് എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# നിത്യതയിൽ



**ശോശാമ്മ കുഞ്ഞ് (അമ്മിണി-65)**

**ഹൂസ്റ്റൺ:** സൗത്ത് വെസ്റ്റ് ചർച്ച് ഓഫ് ഗോഡ് (235 അവന്യൂ ഇ, സ്റ്റാഫോർഡ്, ടെക്സാസ് 77477) സഭാംഗവും, ഏബ്രഹാമിന്റെ സഹധർമ്മിണിയു മായ സിസ്റ്റർ ശോശാമ്മ കുഞ്ഞ് നിത്യതയിൽ. സംസ്കാര ശുശ്രൂഷകളും സെറ്റ്ഗാ സ്റ്റ്-കെ ഒ പി എഫ് ഫ്യൂണറൽ ഹോം, 15015 സൌത്ത് വെസ്റ്റ് ഫ്രീവേ, ഷുഗർലാൻ,ടെക്സാസ് 77478 വെച്ച് നടത്തി. മക്കൾ: കൃപ, അക്സ, റൂഹ, എലിസബേത്ത്, മരുമക്കൾ: ടൈറ്റസ്, എബി, ജെറിൻ. കൊച്ചുമക്കൾ: ബെഥനി, ഈഡൻ, ഈഥൻ.

**മാത്യു ഫിലിപ്പ് (ജോണി-61)**



**എടക്കര:** ഒതളക്കുഴിയിൽ (ഇലവുംതിട്ട) വീട്ടിൽ കെ. സി. ഫിലിപ്പിന്റെയും പരേതയായ ശോശാമ്മ ഫിലിപ്പിന്റെയും മകൻ മാത്യു ഫിലിപ്പ് (ജോ ണി-61) നിത്യതയിൽ. എടക്കര ചർച്ച് ഓഫ് ഗോഡ് സെമിത്തേരിയിൽ സംസ്കാരം നടത്തി. ഭാര്യ: കു ഞ്ഞുമോൾ. മക്കൾ: അനൂപ് മാത്യു, ഫേബാ മാത്യു. സഹോദരങ്ങൾ: ചെറിയാൻ ഫിലിപ്പ്, അന്നമ്മ ഏബ്രഹാം, മേരി സൈമൺ (യു. എസ്. എ.), ലാൽ ഫിലിപ്പ് (യു. എസ്. എ).



**ലീലാമ്മ ജോൺ(70)**

**ഓയൂർ:** മരുതമൺപള്ളി ഐ. പി. സി സഭാംഗം കരമൻതോട് വീട്ടിൽ ജോണിന്റെ ഭാര്യ ലീലാമ്മ ജോൺ (70) നിത്യതയിൽ. സംസ്കാരം സഭാ സെമിത്തേരിയിൽ പാസ്റ്റർ കെ. ഷാജി നിർവ്വഹിച്ചു. ഭവനത്തിലെ ശുശ്രൂഷകൾക്ക് പാസ്റ്റർ വൈ. തോമസുകുട്ടി നേതൃത്വം നൽകി. പാസ്റ്റർമാരായ കുര്യൻ തോമസ്, ബിനുമോൻ, അനിൽ, പോൾസൺ, വൈ. സ്റ്റീഫൻ എന്നിവർ പ്രസംഗിച്ചു. ബിലീവേഴ്സ് ജേണൽ കോഡിനേറ്റർ പാസ്റ്റർ കെ. ജെ. മാത്യു അനുശോചനം അറിയിച്ചു. പരേത ഇടമൺ വെള്ളിമല കങ്കാണിമുറിയിൽ കുടുംബാംഗമാണ്. മക്കൾ: സജു, സെൽവരാജ്, ബിനോയ്, മിനി. മരുമക്കൾ: സൂസമ്മ, എൽസി, അമല, ജോൺസൺ.

**അന്നമ്മ മത്തായി(79)**



**പുനലൂർ:** ഇടമൺ ഐ. പി. സി. ഏബനേസർ സഭാംഗവും വെള്ളിമല അഞ്ചേക്കർ അനി ഭവനിൽ പരേതനായ മത്തായി ഉപദേശിയുടെ ഭാര്യ അന്നമ്മ മത്തായി (79) നിത്യതയിൽ. സംസ്കാരം അഞ്ചേക്കർ സെമിത്തേരിയിൽ പാസ്റ്റർ പി. സി. ബേബികുട്ടി നിർവ്വഹിച്ചു. ഭവനത്തിലെ ശുശ്രൂഷകൾക്ക് പാസ്റ്റർ കെ. ജെ. മാത്യു നേതൃത്വം നൽകി. പാസ്റ്റർമാരായ ഡി. സാം, വർഗ്ഗീസ് ഏബ്രഹാം, ഇ. പി. ജോസഫ്, വൈ. സ്റ്റീഫൻ, എസ്. പോൾസൺ എന്നിവർ പ്രസംഗിച്ചു. മകൾ: അനി. മരുമകൻ: ജോസ്.

**പാസ്റ്റർ വൈ. ശീലാസ്(73)**

**പെരുമ്പാവൂർ:** അല്ലപ്ര ഏബനേസർ സഭാ ശുശ്രൂഷകൻ പാസ്റ്റർ പാസ്റ്റർ വൈ. ശീലാസ്(73) നിത്യതയിൽ. സംസ്കാരം മലമുറി ശാരോൻ സഭാ സെമിത്തേരിയിൽ പാസ്റ്റർ പി.കെ. രാജന്റെ നേതൃത്വത്തിൽ നടത്തി. പാസ്റ്റർമാരായ ജേക്കബ് ദാനിയേൽ, നിബു, വൈ. സ്റ്റീഫൻ തുടങ്ങിയവർ പ്രസംഗിച്ചു. ബിലീവേഴ്സ് ജേണലിനു വേണ്ടി പാസ്റ്റർ കെ. ജെ. മാത്യു അനുശോചനം അറിയിച്ചു.

ഭാര്യ: പരേതയായ സാറാമ്മ, മക്കൾ: സാബു, ഷിബു, ഷൈനി, മരുമക്കൾ: പാസ്റ്റർ വിത്സൻ മാത്യു, സിനി, ലിസി

# എ പ്ലസ് നേടി



**കുന്ദംകുളം:** പോർക്കുളം ഫോർ സ്ക്വയർ ചർച്ച് പാസ്റ്റർ ബെന്നി ജോസഫിന്റെ മകൾ ഏയ്ഞ്ചൽ ബെന്നിക്ക് പത്താംക്ലാസ്സ് പരീക്ഷയിൽമുഴുവൻ വിഷയത്തിനും A+ ലഭിച്ചു. ഷേർളി ബെന്നിയാണ് മാതാവ്.



**കൊടക്കൽ:** ഐ.പി. സി. കൊടയ്ക്കൽ സഭാ ശുശ്രൂഷകൻ പാസ്റ്റർ മാത്യു ലാലിന്റെയും ബിന്ദു ലാലിന്റെയും മകൾ സ്പെൻസാ ലാലിന് ഈ വർഷത്തെ പ്ലസ്ടു പരീക്ഷയിൽ എല്ലാ വിഷയത്തിനും A+ ലഭിച്ചു.



**കുന്നംകുളം:** ഐ. പി. സി. കർമ്മേൽ മരത്തംക്കോട് സഭാംഗവും സാജൻ സി. ജേക്കബിന്റെയും സീനാ സാജന്റെയും മകൾ ഷെൽമ സി. സാജൻ പ്ലസ്ടു പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും A+ ലഭിച്ചു.

## ലൈഫ് വേ ചർച്ച് ഓഫ് ഗോഡ് ആരാധനാമന്ദിരത്തിന്റെ സമർപ്പണ ശുശ്രൂഷ ജൂൺ 10-ന്



**ഡാളസ്:** ലൈഫ്വേ ചർച്ച് ഓഫ് ഗോഡ് ആരാധനാമന്ദിരത്തിന്റെ സമർപ്പണ ശുശ്രൂഷയും കൺവൻഷനും ജൂൺ 9 മുതൽ 11 വരെ 9401 സൈയ്ൻ റോഡ്, ഡാളസ്, ടെക്സാസ് 75227 വെച്ച് നടക്കും. നിലവിലുള്ള ന്യൂ ഗാർലന്റ് ചർച്ച് ഓഫ് ഗോഡ് പുതിയ ആരാധന സ്ഥലത്തേക്ക് മാറിയതുകൊണ്ട് ന്യൂ ഗാർലന്റ് ചർച്ച് ഓഫ് ഗോഡ് എന്ന ചർച്ചിന്റെ പേര് ലൈഫ്വേ ചർച്ച് ഓഫ് ഗോഡ് എന്നു പുനർനാമകരണം ചെയ്യുകയായിരുന്നു എന്ന് സഭയുടെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ജോൺസൺ സഖറിയ അറിയിച്ചു.

ജൂൺ 10-ാം തിയതി ശനിയാഴ്ച രാവിലെ 9:30 മുതൽ ഉച്ചക്ക് 12:30 വരെ പുതിയ ആരാധനാ മന്ദിരത്തിന്റെ സമർപ്പണ ശുശ്രൂഷ (9401 സൈയ്ൻ റോഡ്, ഡാളസ്, ടെക്സാസ് 75227) നടക്കും. ജൂൺ 9-ാംതിയതി വെള്ളിയാഴ്ച വൈകിട്ട് 7 മണിക്കും, ജൂൺ 10-ാം തിയതി ശനിയാഴ്ച വൈകിട്ട് 6:30-നും നടക്കുന്ന കൺവൻഷനിൽ അറിയപ്പെട്ട കൺവൻഷൻ പ്രാസംഗി കനായ ഡോ. മാത്യു ജോർജ്ജ് മുഖ്യ പ്രസംഗകനായിരിക്കും. ഡാളസ് പട്ടണത്തിലും സമീപ പ്രദേശങ്ങളിലുമുള്ള ശുശ്രൂഷകന്മാരും വിശ്വാസികളും സഭാ വ്യത്യാസമില്ലാതെ എല്ലാവരും കടന്നു വന്ന് പങ്കെടുക്കണമെന്ന് ഭാരവാഹികൾ അറിയിച്ചു.

Believers Journal
Kandankeril Buldg
Kumbanad P.O.,
Thiruvalla, PTA

അക്ഷര നഗരിയിൽ ആരാധനയ്ക്കായി സ്വാഗതം
കോട്ടയം പട്ടണത്തിൽ എത്തുന്നവർക്ക് ആത്മീയ ആരാധനയ്ക്കായി സ്വാഗതം.

പാസ്റ്റർ സജി മുട്ടം നേതൃത്വം നൽകുന്നു.
ആരാധന: ഞായർ രാവിലെ 10 -12 വരെ
സ്ഥലം: വൈ. എം. സി. എ. ബോർഡ് റൂം കോട്ടയം
പാസ്റ്റർ സജി മുട്ടം
ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇൻഡ്യാ
കോട്ടയം സിറ്റി ചർച്ച്
ഫോൺ: 9961114001

# എക്സൽ എലൈവ് യൂത്ത് ക്യാമ്പ് സമാപിച്ചു

**തിരുവല്ല:** പുതുമയുള്ള പ്രവർത്തനങ്ങളുമായി കുഞ്ഞുങ്ങളുടെയും യുവജനങ്ങളുടെയും ഇടയിൽ നിറസാന്നിദ്ധ്യമായ എക്സൽ മിനിസ്ട്രീസ് ഒരുക്കിയ യൂത്ത് ക്യാമ്പ് 2017 ഏപ്രിൽ 27 മുതൽ 29 വരെ മർത്തോമ്മ ക്യാമ്പ് സെന്ററിൽ നടന്നു. തിരുവചന സന്ദേശം, കൗൺസലിംഗ്, മിഷനറി ചലഞ്ച്, ചർച്ചകൾ, ഗെയിംസ് & ആക്റ്റിവിറ്റീസ്, ഹൃദയസ്പർശിയായ ആരാധന, പഠന ക്ലാസുകൾ പ്രഗത്ഭരായവരുടെ അനുഭവങ്ങൾ തുടങ്ങി പ്രത്യേകത നിറഞ്ഞ പ്രോഗ്രാമുകൾ ക്യാമ്പിനു മാറ്റ് കൂട്ടി. റവ. തമ്പി മാത്യു ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ പാസ്റ്റർമാരായ തോമസ് പുളിവേലിൽ, ഷിബു കെ. ജോൺ, ജോബി കെ. സി., ബിനു വടശ്ശേരിക്കര, അനിൽ ഇലന്തൂർ, ഐസക് തര്യൻ, ജിജി ചാക്കോ, ജോൺസൺ ഇടയാറമുള, മനു മാത്യു, വർഗ്ഗീസ് ചെറിയാൻ ഒറീസ, സി. കെ. വിജയൻ തുടങ്ങിയവർ വിവിധ സെക്ഷനുകളിൽ ക്ലാസ്സെടുത്തു. ക്രിസ്തീയ ഗാനരംഗത്ത് അറിയപ്പെടുന്ന ഭക്തവത്സലൻ, ബ്രദർ ലോർഡ്സൺ ആന്റണി, ജിഫി യോഹന്നാൻ, സ്റ്റാൻലി റാന്നി, ബെൻസൻ തോട്ടഭാഗം, സജു ഫിലിപ്പ് കൂടാതെ എക്സൽ റിഥംസ് തുടങ്ങിയവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. 250-ലധികം യുവതി യുവാക്കൾ പങ്കെടുത്തു.

Patmos Ministries India
ഭാരത സുവിശേഷീകരണത്തിനായി അണിചേരു • ഇന്ത്യയുടെ 13 സംസ്ഥാനങ്ങളിലും നേപ്പാളിലും ബർമയിലും പ്രവർത്തനങ്ങൾ • പ്രാർത്ഥനാ ഗോപുരങ്ങൾ • കോൺഫ്രൻസുകൾ • ക്രൂസേഡുകൾ • തദ്ദേശീയരായ സുവിശേഷവേലക്കാരെ പരിശീലിപ്പിക്കുന്നട്രെയിനിംഗ്സെന്ററുകൾ • ഓർഫനേജുകൾ • മിഷൻസ്കൂളുകൾ • ജീവകാരുണ്യ സഹായം • ബൈബിൾ വിതരണം • ടി.വി. മിനിസ്ട്രി • സ്വയംതൊഴിൽ സംരംഭങ്ങൾ • ആതുരസേവനങ്ങൾ • കംപ്യൂട്ടർ സെന്റർ • അനാഥർക്ക് ആശ്വാസഭവനവും ഭക്ഷണവും
PATMOS MINISTRIES INDIA
പ്രാർത്ഥനയ്ക്കായി വിളിക്കൂ
പത്മോസ് പ്രയർ ടവർ
തിരുവല്ല: 09495614414, ചങ്ങനാശ്ശേരി: 09495174721
കാട്ടാക്കട, തിരുവനന്തപുരം: 09497744829,
ഗുജറാത്ത്: 09687480090
ഡൽഹി : 09811548283, മൈസൂർ: 09739973959
Head Office: Patmos Ministries India, Zion Bunglow, Changanacherry, 686 101, Kottayam (Dis) Kerala-India

MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 10, ISSUE 10

BELIEVERS JOURNAL

PUBLISHED ON 25/05/2017

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.